# ക്ലിക്ക്

റിപ്പബ്ലിക്കൻ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ, കോന്നി

*ക്ലിക്ക് എന്ന ലിറ്റിൽ കൈറ്റ്സ് ക്ലബ് മാഗസിൻ വെറും ഒരു പ്രസിദ്ധീകരണമല്ല, കുട്ടികളുടെ ചിന്തകളുടെയും സ്വപ്നങ്ങളുടെയും*
*വികാരങ്ങളുടെയും ശബ്ദമാണ്. ഇന്ന് ആർട്ടിഫിഷ്യൽ ഇന്റലിജൻസും റോബോട്ടിക്സും മനുഷ്യനെപ്പോലെ ചിന്തിക്കാനും*
*പ്രവർത്തിക്കാനും ശ്രമിക്കുന്ന കാലഘട്ടത്തിൽ, മനുഷ്യൻ എന്താണെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നതാണ് ക്ലിക്ക്. യന്ത്രങ്ങൾ കണക്കുകളിലൂടെയും ആൽഗോരിതങ്ങളിലൂടെയും പഠിക്കുമ്പോൾ,*
*നമ്മുടെ കുട്ടികൾ ജീവിതത്തിലൂടെയും അനുഭവങ്ങളിലൂടെയും സൃഷ്ടിയിലൂടെയും പഠിക്കുന്നു. ഒരു റോബോട്ടിന് കൃത്യത ഉണ്ടാകാം, പക്ഷേ ഒരു വിദ്യാർത്ഥിയുടെ വരയിൽ കാണുന്ന ഹൃദയസ്പർശം അതിന് പകരം വയ്ക്കാനാവില്ല. എഐയ്ക്ക് ഉത്തരങ്ങൾ കണ്ടെത്താൻ കഴിയുമ്പോൾ, കുട്ടികളുടെ എഴുത്തുകൾ നമ്മെ ചിന്തിപ്പിക്കുന്ന ചോദ്യങ്ങൾ ഉയർത്തുന്നു. സാങ്കേതിക വിദ്യ ഭാവിയെ രൂപപ്പെടുത്തുമ്പോൾ, മനുഷ്യ മൂല്യങ്ങളാൽ ആ ഭാവിയെ*
*നിറയ്ക്കുന്നവരാണ് നമ്മുടെ വിദ്യാർത്ഥികൾ. ചിത്രങ്ങളും കഥകളും കവിതകളും ആശയങ്ങളുമായി ക്ലിക്ക് മനുഷ്യനും യന്ത്രവും തമ്മിലുള്ള വ്യത്യാസം സുന്ദരമായി അവതരിപ്പിച്ച്, ചിന്തിക്കാനും അനുഭവിക്കാനും നമ്മെ ക്ഷണിക്കുന്ന ഒരു സൃഷ്ടിപരമായ യാത്രയായി മാറുന്നു.*

*ജെറീറ്റ രഞ്ജി*

*എഡിറ്റർ*

# ആശംസകൾ



*വിദ്യാർത്ഥികളുടെ ചിന്തകളും കഴിവുകളും പ്രതിഫലിപ്പിക്കുന്ന ഈ ഡിജിറ്റൽ മാഗസിൻ  അറിവിന്റെ പുതിയ വഴികൾ തുറക്കുന്നതാണ്. ഇതിൽ പങ്കെടുത്ത എല്ലാ കുട്ടികൾക്കും പ്രചോദനമേകുന്ന അനുഭവമായിരിക്കട്ടെ.ഇതിന് പിന്നിൽ പ്രവർത്തിച്ച ലിറ്റിൽ കൈറ്റ്സിലെ എല്ലാ കുട്ടികൾക്കും  അഭിനന്ദനങ്ങളും ആശംസകളും.*

ആർ. സുരേഷ്കുമാർ

പ്രധാനാധ്യാപകൻ

# ആശംസകൾ



ഈ ഡിജിറ്റൽ കാലഘട്ടത്തിൽ
വിദ്യാർത്ഥികളുടെ സർഗാത്മക കഴിവുകൾക്ക്
വാതിൽ തുറക്കുന്ന ഈ ഡിജിറ്റൽ
മാഗസിൻ എന്ത് കൊണ്ടും അഭിനന്ദനാർഹമാണ്.
ഇതിന് പിന്നിൽ പ്രവർത്തിച്ച എല്ലാ കുട്ടികൾക്കും
 അധ്യാപകർക്കും ഹൃദയം നിറഞ്ഞ ആശംസകൾ
നേരുന്നു.
ഈ സംരംഭം തുടർന്നും വിജയം കൈവരിക്കട്ടെ.

എൻ. മനോജ്
മാനേജർ

# എഡിറ്റോറിയൽ ബോർഡ്











# എഡിറ്റോറിയൽ ബോർഡ്

ജെറീറ്റ രഞ്ജി



അനന്യ കെ.എസ്



ദേവിക ജയൻ



ആൽഫിൻ ജോ മാത്യു

















***R V H S S KONNI***

# ഒറ്റനോട്ടത്തിൽ


നിഴലുകൾക്കിടയിൽ വിരിയുന്ന സൗഹൃദം.......12

എൻ്റെ നാട്............................................14

ലഹരി......................................................15

സൗഹൃദം.................................................16

നാദിറ............................................18

*"The Weight Of Expectations"*.........23

□□ □...............................24

അതിജീവനത്തിന്റെ കഥ........................................25

ചരടുകൾ........................................27

ചന്ത................................................30

കേൾവിയില്ലാത്ത ശബ്ദം.............................33

അവൾ........................................34

മീനാക്ഷി..........................................35

മയിൽപീലി..............................................38

മൗനത്തിന്റെ ലോകം............................................39

കലയുടെ കണ്ണുകൾ..............................................40

സ്കൂൾ
പത്രക്കുറിപ്പ്....................................................44

കൈറ്റ്സ് പ്രവർത്തനങ്ങൾ............................50




"ലിറ്റിൽ കൈറ്റ്സ്" (Little KITEs) എന്നത് കേരളത്തിലെ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി സംസ്ഥാന സർക്കാർ ആരംഭിച്ച ഒരു ഐടി ക്ലബ്ബ് സംരംഭമാണ്.

. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി

KITE (Kerala Infrastructure and Technology for Education)

ആണ് ഇത് നടപ്പിലാക്കുന്നത്.

## REPUBLICAN VOCATIONAL HIGHER SECONDARY SCHOOL KONNI

### LITTLE KITES CLASS VIII 2026-2029



## REPUBLICAN VOCATIONAL HIGHER SECONDARY SCHOOL KONNI

### LITTLE KITES CLASS IX 2024-2027



## REPUBLICAN VOCATIONAL HIGHER SECONDARY SCHOOL KONNI

### LITTLE KITES CLASS X 2023-2026




എഴുത്തുകൾക്കൊപ്പം

# നിഴലുകൾക്കിടയിൽ വിരിയുന്ന സൗഹൃദം

ജനിച്ച് അഞ്ചു വയസ്സ് പൂർത്തിയാകുന്നതിനുമുമ്പേ തന്നെ നിത്യയുടെ ജീവിതത്തിൽ നിന്ന്  അച്ഛനും അമ്മയും ഒരുമിച്ച് അസ്തമിച്ചിരുന്നു. മഴയിൽ വീണു  അണഞ്ഞുപോയ രണ്ട്  ദീപങ്ങളെയുപോലെ.

ആ കുഞ്ഞ് മനസിന് ലോകം മുഴുവൻ ഇരുണ്ടതായി  തോന്നിയപ്പോൾ, അവൾക്ക് ഒരേയൊരു താങ്ങായി നിന്നത് അമ്മിണി അമ്മൂമ്മയായിരുന്നു. കുരുടായ രാത്രിയിൽ വഴികാട്ടുന്ന ചെറിയ വിളക്കുപോലെ, നിത്യയുടെ ഓരോ ദിനവും അവൾ നന്നായി കാത്തു സൂക്ഷിച്ചു. പക്ഷേ വിധി വീണ്ടും ക്രൂരമായി.

ഒരു മാരകമായ അസുഖം അമ്മിണി അമ്മൂമ്മയെയും തട്ടിക്കൊണ്ടുപോയപ്പോൾ,

 നിത്യ വീണ്ടും അനാഥയായി. ആ ശൂന്യത അവളെ എത്തിച്ചത് ഒരു അനാഥാലയത്തിലേക്ക്  അവിടെ അവൾ കണ്ടുമുട്ടിയത് ഫാത്തിമയെ. ജന്മനാ തന്നെ അംഗവൈകല്യമുള്ള ഒരു പെൺകുട്ടി. കുടുംബത്തിന് "നാണക്കേടാകും"

എന്ന ഭീതിയിൽ അവളെ സ്വന്തം വീട്ടുകാർ പോലും ഉപേക്ഷിച്ച്

 അനാഥാലയത്തിലേക്ക്  ഏല്പിച്ചിരുന്നു. പുറമേ ചിരിച്ചിരുന്നെങ്കിലും, ഫാത്തിമയുടെ കണ്ണുകളിൽ ഒരു മറഞ്ഞ കരച്ചിൽ എപ്പോഴും കനത്തിരുന്നു.

ആരോടും അധികം മിണ്ടാത്ത, അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും കുടുങ്ങിക്കിടന്ന നിത്യയ്ക്ക്, ഫാത്തിമ പതുക്കെ എല്ലാമെല്ലാമായി മാറി. അവൾ സംസാരിക്കുമ്പോൾ, നിത്യയുടെ ഹൃദയം തുറക്കപ്പെടുമായിരുന്നു. അവൾ ചിരിച്ചാൽ, നിത്യക്ക് ജീവിതം വീണ്ടും അൽപ്പം മനോഹരമാവുമായിരുന്നു.

രണ്ട് ഒറ്റപ്പെട്ട ആത്മാക്കൾ  ഒരേ വേദനയിൽ ചേർന്നപ്പോൾ,

അവർക്ക് ലോകം മുഴുവൻ സ്വന്തമായിരുന്നു.
എന്നാൽ ഫാത്തിമ ഒരു ഭീകര സത്യം ഒളിപ്പിച്ചിരുന്നു.
അവൾക്ക് ക്യാൻസർ ഉണ്ടായിരുന്നു. നിത്യ അറിയരുതെന്ന്
അവൾ പ്രാർത്ഥിച്ചു. "നിത്യ അറിഞ്ഞാൽ എന്നെ വിട്ടുപോകുമോ?"
അവളുടെ ഉള്ളിൽ എപ്പോഴും ആ ഭയം കുത്തി നിന്നു.
കാലം മുന്നോട്ട് നീങ്ങുന്തോറും ഫാത്തിമയുടെ ശരീരം ക്ഷീണിച്ചു.
മുഖത്തെ തിളക്കം മങ്ങിയ്, കണ്ണുകൾ കുഴിഞ്ഞു, ചിരി മന്ദമായി.
ഒരുദിവസം നിത്യ അവളെ നോക്കി ചോദിച്ചു:
"അനക്ക് എന്തെങ്കിലും പ്രശ്നം ഉണ്ടോ?"
അത്രയും മാത്രം.
അത് കേട്ട നിമിഷം, ഫാത്തിമയുടെ ഹൃദയം താങ്ങാനാവാതെ
പൊട്ടിപ്പോയി. അവൾ നിത്യയുടെ കൈകളിലേക്ക് കുഴഞ്ഞു വീണു.
അവളുടെ ശരീരത്തിന്റെ ഭാരം മാത്രമല്ല, മറച്ചു വച്ച വേദനയും ആ
വീഴ്ചയിൽ നിത്യയുടെ കൈകളിലായി.
ആ സത്യം അറിഞ്ഞപ്പോൾ നിത്യയുടെ ഉള്ളിൽ വീണ്ടും ഇരുട്ട്
പടർന്നു. അവൾ ഒരിക്കൽ രക്ഷിച്ചിരുന്ന സൗഹൃദം പോലും
മരണത്തിന്റെ നിഴലിലാണെന്ന് തിരിച്ചറിഞ്ഞപ്പോൾ,
അവൾ മൗനത്തിലേക്ക് വീണു. വെയിൽ കിട്ടാതെ വാടി തളർന്ന
കഴിയാറായ പൂക്കളെ പോലെ, അവരുടെ ജീവിതങ്ങൾ വെറും
നിലനിൽപ്പിനായി മുന്നോട്ട് നീങ്ങുകയായിരുന്നു.
എന്നാലും വേദനകൾക്കിടയിലും, നിത്യയും ഫാത്തിമയും
പരസ്പരം പിടിച്ചു നിന്നത് കൊണ്ട്, ആ അനാഥാലയത്തിന്റെ
ചുവരുകൾക്കിടയിൽ ഒരു ചെറു പ്രകാശം എങ്കിലും നിലനിന്നിരുന്നു .
സൗഹൃദത്തിന്റെ, സ്നേഹത്തിന്റെ, നഷ്ടപ്പെടലുകളെ പോലും
തോൽപ്പിക്കുന്ന ഒരു നിശ്ശബ്ദ ദീപം.


***Aaina Ibhrahim***

***10 B***

# എന്റെ നാട്

എത്ര മനോഹരമെന്റെ നാട്
കേരളമെന്നൊരു നല്ല നാട്
കേരവൃക്ഷങ്ങൾ നിറഞ്ഞ നാട്
മലയാളഭാഷതൻ പുണ്യനാട്
മാനും മയിലും ചാഞ്ചാടിയാടുന്ന
മാമരക്കൂട്ടം നിറഞ്ഞ നാട്
കുന്നും മലകളും താഴ് വാരങ്ങളും
ഒത്തൊരുമിച്ചൊരു നല്ല നാട്
പക്ഷിയും പുഴകളും കാട്ടാറുമൊക്കെയും
വള്ളം കളിയുടെ നല്ല നാട്
മാവേലിമന്നൻ വരുന്ന നാട്
എത്ര മനോഹരമെന്റെ നാട്
കേരളമെന്നൊരു നല്ല നാട്
കേരവൃക്ഷങ്ങൾ നിറഞ്ഞ നാട്
മലയാളഭാഷതൻ പുണ്യനാട്

അമായ പ്രശാന്ത്
5 B



## ലഹരി

ലഹരിയെന്നൊരു ആയുധം

മനുഷ്യനെ കൊല്ലുന്ന ആയുധം

കൗമാരകാരുടെ ഒരേയൊരു ആയുധം

കൗമാരകാരുടെ ഒരേയൊരു സന്തോഷ
മാർഗം

ജീവിതം ഭയക്കുന്ന ആയുധം

ജീവിതം പിടിച്ചുക്കുന്ന ആയുധം

ആയുധം ജീവിതം മാറ്റി മറിക്കും

നമ്മുക്കായ് ജീവിതം മുൻ നിലനിർത്തുക

**അന്ന മേരി റോബിൻ**

**8 G**

# സൗഹൃദം

ഒരിക്കൽ അഖിൽ എന്നും നിഖിൽ എന്നും പേരുള്ള രണ്ട് കൂട്ടുകാർ

ഉണ്ടായിരുന്നു . അവർ കുഞ്ഞിലെ മുതൽ നല്ല കൂട്ടുകാരാണ് . അങ്ങനെ

ഒരിക്കൽ ഇവർ തമ്മിൽ ആദ്യമായി തർക്കം ഉണ്ടാകുന്നു . ആ
തർക്കത്തിന്

കാരണം അഖിൽ നിഖിലിൻ്റെ കുട്ടിക്കാല കഥ പറഞ്ഞ് കളിയാക്കി

എന്നതാണ് . അത് പറഞ്ഞ് പറഞ്ഞ് അടിയിലേക്ക് നയിച്ചു . നിഖിൽ

അഖിലിനെ അടിച്ചു . അഖിലിന് ഒരു സ്വഭാവം ഉണ്ടായിരുന്നു അവൻ

ദിവസവും ഡയറി എഴുതുമായിരുന്നു . അന്ന് നടന്ന സംഭവവും അവൻ


ഡയറിയിൽ എഴുതിയിരുന്നു . അവർ അടുത്ത ദിവസം കൂട്ടായി അങ്ങനെ

അവർ പഴയതുപോലെ  മിണ്ടാൻ തുടങ്ങി . ഈ തർക്കത്തിനു ശേഷം
ഇവർ

പലപ്പോഴും തർക്കം ഉണ്ടാകാറുണ്ടായിരുന്നു. ഇവർ
വഴക്കുണ്ടാക്കുന്നതൊക്കെ

നിസാരമായ കാര്യങ്ങൾക്കാണ് . ഓരോ തർക്കവും ഇവർക്ക്
എന്തെങ്കിലും

മസ്സിലാക്കി കൊടുക്കുമായിരുന്നു . ഒരിക്കൽ പെട്ടെന്ന് ഒരു വലിയ
ചൂടേറിയ



തർക്കം ഉണ്ടായി . ആ തർക്കത്തിലൂടെ ഇവർ പിരിഞ്ഞു . അങ്ങനെ

ദിവസങ്ങൾ കടന്നു പോയി . അഖിൽ വളരെ ക്ഷമയുള്ളവനായിരുന്നു .

നിഖിലിനോട് പലപ്പോഴും പല മാർഗ്ഗങ്ങളിലൂടെയും മിണ്ടാൻ അഖിൽ
ശ്രമിച്ചു .

പക്ഷേ ഇതൊന്നും നിഖിൽ കാര്യമാക്കിയെടുക്കാതെയും ശ്രദ്ധിക്കാതെയും

ഇരിക്കും .

ഒരു മാസത്തിനുശേഷം ഇവർ വീണ്ടും പഴയതുപോലെ മിണ്ടി. അങ്ങനെ
ഇവർ

പത്തിൽ നല്ല മാർക്കോട് കൂടി പാസായി . ഇവർ അപ്പോഴും ഒരുമിച്ച്

ആയിരുന്നു . കോളേജിലും ഒരുമിച്ച് ആയിരുന്നു . ഈ കോളേജ്
ജീവിതത്തിൽ

രണ്ടുപേരും പലതരം പ്രശ്നങ്ങളെയും നേരിടേണ്ടി വന്നു . അഖിലിന് കുറച്ച് നല്ല

സൗഹൃദങ്ങൾ കിട്ടി അതേ കോളേജിൽ പഠിക്കുന്ന നിഖിലിന് കുറച്ച് ചീത്ത

സൗഹൃദങ്ങളെയും കിട്ടി . ഇപ്പോഴും അഖിലും നിഖിലും തമ്മിലുള്ള കൂട്ടുകെട്ട്

അവസാനിച്ചിട്ടില്ല . ഓരോ ദിവസം കഴിയുമ്പോഴും അവരുടെ സൗഹൃദം

വർദ്ധിച്ചുകൊണ്ടിരിക്കുകയാണ് . എന്ത് പ്രശ്നം വന്നാലും ഇവർ രണ്ടുപേരും

ഒന്നിച്ചാണ്. ഇത് അവിടുത്തെ പലർക്കും അസൂയ ഉണ്ടാക്കി . നിഖിലിന്

ചീത്ത സൗഹൃദങ്ങൾ ആയതുകൊണ്ട് ലഹരി ഉപയോഗിക്കാൻ തുടങ്ങി . ഈ

കാര്യം ഒരു ദിവസം അഖിൽ അറിഞ്ഞു . ഇവനെ ഉപദേശിച്ചു പക്ഷേ

ഇതൊന്നും നിഖിൽ കേൾക്കുന്നില്ലായിരുന്നു . കുറച്ചു ദിവസങ്ങൾക്കുശേഷം


ഇവനെ എല്ലാരും ഉപദേശിച്ചു ,അതിനുശേഷം ഇവൻ ലഹരി ഉപയോഗം

നിർത്തി. അഖിൽ നിഖിലിനെ ചീത്ത സൗഹൃദങ്ങളിൽ നിന്ന് അകറ്റി എന്നിട്ട്

നല്ല സൗഹൃദങ്ങളോടൊപ്പം ചേർത്തു

----

ഫർഹാന
8 G



# നാദിറ

'ഓ... ഈ കുട്ടി..

മോളെ..ബുക്ക്സും വാട്ടർബോട്ടിലും എടുത്തുവച്ചിട്ടുണ്ട്.. ഓടിവന്നേ.. മുടി

കെട്ടണ്ടേ..? എനിക്കും പോകണ്ടേ... പ്ലീസ്..കം

അവൾ സ്കൂളിലേക്ക് പോകുന്നതിന്റെ ആവേശത്തിലാണ്.

സുരക്ഷാകാരണങ്ങളാൽ സ്കൂൾ അടഞ്ഞുകിടക്കുകയായിരുന്നു..

രണ്ടാഴ്ചയിലധികമായി നാദിറ സ്കൂളിൽ പോയിട്ട്.

യുദ്ധം..ഹൊ!..ഇതെന്ന് തീരും..?

ഗാസ നഗരം മുഴുവൻ ഇസ്രായേൽ സേന തകർത്തുകളഞ്ഞു

എന്നാണറിഞ്ഞത്.

ഹോസ്പിറ്റലിന്റെ വണ്ടി വരുന്നതിനുമുമ്പ് നാദിറയെ സ്കൂളിലേക്ക് അയയ്ക്കണം.

അഞ്ചുദിവസത്തെ വെടിനിർത്തൽ ഉണ്ടത്രേ.. സ്കൂൾ ബസ് വരില്ലെന്ന്

മെസ്സേജ് ഉണ്ടായിരുന്നു. മുടി കെട്ടി..സ്കൂൾ ബാഗും തോളത്തിട്ട് അവൾ ചിരിച്ചു.

അവൾ കൂടുതൽ സുന്ദരിയായിരിക്കുന്നു. കവിളിൽ അമർത്തി ഒരുമ്മ കൊടുത്തു.

'സമറങ്കിളിന്റെക്കൂടെ വേണം പോകാൻ.. ശ്രദ്ധിക്കണേ..സൈറൺ

മുഴങ്ങിയാൽ സേഫ് ആയി ഇരുന്നോണം..'

കയ്യിലിരുന്ന വാട്ടർബോട്ടിലിലെ പടത്തിൽതന്നെ ശ്രദ്ധിച്ചിരുന്ന നാദിറ

അത് കേട്ട ലക്ഷണമില്ല..വേഗം റെഡിയായി. ഹോസ്പിറ്റലിലേക്കുള്ള വണ്ടി

ഇന്റർലോക്ക് പാകിയ പാതയുടെ വക്കിലേക്ക് ചേർന്നുനിന്നു. ഒരു വെളുത്ത

കൊടി അതിനു മുകളിൽ കെട്ടിയിട്ടുണ്ട്. പറക്കാൻ
മടിച്ചിട്ടെന്നതുപോലെ

കെട്ടിയ പൈപ്പിൽ അത് ചുറ്റി പിണഞ്ഞ് കിടക്കുന്നു. സമറിനെ
വിളിച്ച്

നാദിറയെ ഏൽപ്പിച്ചു. സൂക്ഷിച്ച്.പോകണേ എന്ന നിർദ്ദേശവും
നൽകി.

സമറുമായി നല്ല ചങ്ങാത്തമാണ് അവൾക്ക്,.അവൻ അവളെ
പുറത്ത് കയറ്റി

ചുറ്റിക്കാറുണ്ട്. ചിലപ്പോഴൊക്കെ പാർക്കിലേക്ക് കൊണ്ടുപോകും.
യുദ്ധം

തുടങ്ങിയതിൽ പിന്നെ എങ്ങോട്ടും പോകാറില്ല. സമറിന്റെ അച്ഛൻ
കുറേ

വർഷങ്ങൾക്കു മുമ്പ് മരിച്ചതാണ്. അമ്മ അവനെ ഉപേക്ഷിച്ചു ഒരു

ഫിലിപ്പൈനിക്കൊപ്പം പോയി,ഇപ്പോൾ അവൻ എന്റെ കൂടെയാണ്..
ഒരു

സഹായിയായി  കൂടിയിരിക്കുന്നു.

ഹോസ്പിറ്റലിലേക്ക് പോകാൻ വാഹനം വരാറുണ്ട് യുദ്ധം തുടങ്ങിയ
ശേഷം

അങ്ങനെയാണ് പോകാറ്. വാഹനത്തിലേക്ക് കയറിയപ്പോൾ
തന്നെ മനസ്സ്

മടുപ്പിക്കുന്ന വാർത്തകൾ.

ഡോക്ടർ.. ഇന്നലെ ഡോക്ടർ പോന്നതിനുശേഷവും ആളുകളെ

കൊണ്ടുവന്നിരുന്നു. ഇൻ ജൂവേർഡ്..  സിക്സ് മോർ ഡെത്ത്
കേസസ്...

ഹൊറിബിൾ..

ഇന്നലെ ഹോസ്പിറ്റലിൽ നിന്ന് ഇറങ്ങിയത് തന്നെ രാത്രി വളരെ

വൈകിയാണ്. പരിക്കേറ്റവരുടെ കൂടെ.. മരണപ്പെട്ടവരുടെ
ബന്ധുക്കളുടെ

നിലവിളികൾക്കിടയിലെ ദിവസങ്ങൾ...ചോരയുടെ മണം നിറഞ്ഞ

വാർഡുകൾ... പരിക്കേറ്റ നിലയിൽ കൊണ്ടുവന്ന
ഒരെട്ടുവയസ്സുകാരി

അമീറയ്ക്കൊപ്പം ആയിരുന്നു ഇന്നലെ ഡ്യൂട്ടി നാദിറയുടെ അതേ പ്രായം.

യുദ്ധം ഗാസയ്ക്ക് പുറത്തേക്കും വ്യാപിച്ചു തുടങ്ങിയിട്ടുണ്ട്. മരണസംഖ്യ

ഉയർന്നുകൊണ്ടിരിക്കുന്നു. അൽ ഫിദാ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിന്റെ ഗേറ്റ്

കടക്കും വരെ യുദ്ധത്തെക്കുറിച്ച് തന്നെയായിരുന്നു. വാഹനത്തിൽ

ഉള്ളവരുടെ ചർച്ച. കേട്ടിരുന്നു.

ക്യാബിനിൽ ചെന്ന് ഇരുന്നപ്പോഴും മനസ്സ് സ്വസ്ഥമായിരുന്നില്ല. അമി റയുടെ

അരികിലേക്ക് പോകാൻ മനസ്സ് വെമ്പി. മകളുടെ ജീവൻ രക്ഷിക്കാൻ

കാലുപിടിച്ച കരഞ്ഞ അവളുടെ അച്ഛന്റെ മുഖം ഓർത്തു. അയാൾക്കും വളരെ

പരിക്ക് പറ്റിയിരുന്നു. നഗരത്തിൽ പഴം വിറ്റ് ജീവിക്കുന്ന മനുഷ്യൻ. പലപ്പോഴും

അയാളെ തെരുവിൽ കണ്ടിട്ടുണ്ട്.

വാർഡിൽ നിലത്തും കട്ടിലിലുമായി കിടക്കുന്നവരുടെ വേദനകൾക്കിടയിലൂടെ

ഞരക്കങ്ങൾക്കിടയിലൂടെ നടന്നു. മനസ്സ് ശരിക്കും മരവിച്ചിരിക്കുന്നു അമിറയെ

കണ്ടില്ല പ്രഭാതത്തിന്റെ ഏതോ നിമിഷത്തിൽ അമീറയും യുദ്ധത്തിൽ

കൊല്ലപ്പെട്ടവരുടെ പട്ടികയിലേക്ക് ചേർക്കപ്പെട്ടു കഴിഞ്ഞിരുന്നു.

പുറത്ത് ആംബുലൻസുകൾ വന്നും പോയുമിരിക്കുന്നു. തകർന്ന

കെട്ടിടങ്ങൾക്കിടയിൽ കുടുങ്ങി വളരെ പരിക്കുപറ്റിയവർ. മൂന്നുമണിവരെ

ഇരുന്നതേയില്ല.

ഭക്ഷണം എടുത്തു വെച്ചത് കഴിക്കാൻ തോന്നിയില്ല. ടിഫിൻ അടച്ചുവച്ച്

മേശമേൽ  തല ചായ്ച്ച് അല്പം കിടന്നു. നാദിറ എത്തിക്കാ ണുമോ..? സമർ

പ്പോയി വിളിക്കാം എന്ന് ഏറ്റിട്ടുണ്ട്.

മാഡം... മാഡം' പരിഭ്രാന്തിയോടെ ആരോ വിളിക്കുന്നു

തല ഉയർത്തി നോക്കി.

"ഡോക്ടർ..വേഗം...'

ക്യാബിന് പുറത്തേക്ക് വേഗത്തിൽ ഇറങ്ങി.. ആളുകൾ തിടുക്കപ്പെട്ട്

അങ്ങോട്ടുമിങ്ങോട്ടും ഓടുന്നു. നിലവിളികൾ.. എന്റെ അരികിലേക്ക്

ഓടിയെത്തിയ ഒരു വൃദ്ധ അവർ എന്നെ വലിച്ചിഴച്ചാണ്
കൊണ്ടുപോയത്.

രക്തത്തിൽ കുളിച്ച ഒരു യുവാവിന്റെ അരികിലെത്തിയതും അവർ
എന്റെ

കാലിലേക്ക് വീണു. മനസ്സ് പിടഞ്ഞു പോയി.
രക്ഷപ്പെടുത്തണമെന്ന

അഭ്യർത്ഥന ആ വൃദ്ധയുടെ കണ്ണുകളിൽ വായിച്ചു . യുദ്ധമുഖങ്ങളിൽ

യാചനക്ക് ഇടമില്ല. ആ യുവാവിന്റെ കാലുകൾ തകർന്നു
പോയിരുന്നു.

അയാൾക്കു വേണ്ട പ്രാഥമിക ശുശ്രൂഷ  നൽകി. വേഗത്തിൽ
മറ്റുള്ളവരുടെ

അരികിലേക്ക് ഓടി. ഡോക്ടർ മാസിറും ഡോക്ടർ സാലിഹുംഎല്ലാം

തിരക്കിലാണ്.അവരുടെ കൈയുറകൾ ചുവന്നിരിക്കുന്നു.
ഇന്നെങ്കിലും

നേരത്തെ പോകാൻ കഴിയുമോ..? ആവോ..?

പുറത്ത് ആംബുലൻസുകൾ അലറി വിളിച്ചു നിൽക്കുന്നു.
കൂട്ടക്കരച്ചിലോടെ

ആൾക്കൂട്ടം അകത്തേക്ക് ഇരമ്പിയെത്തി .. ഏതോ സ്കൂളിൽ
ബോംബ്

വീണത്രേ..! ഡ്രോൺ ആക്രമണം എന്ന് കേട്ടു.

നാദിറയുടെ സ്കൂളിന്റെ യൂണിഫോം അല്ലേ..!

ആളുകൾ കുട്ടികളെ വാരിയെടുത്ത് ഓടിവരുന്നു.. കാലു മരവിച്ചു
പോയി. ഉള്ളം

കിടുങ്ങി. തലയ്ക്കകത്ത് എന്തോ പെരുക്കുന്നത് പോലെ.. മരച്ച
കാലുകളെ

വലിച്ചുയർത്തി അവിടേക്ക് ഓടാൻശ്രമിച്ചു. കാലിൽ ആരോ മുറുക്കി

പിടിച്ചിരിക്കുന്നു.. വൃദ്ധ. നിറഞ്ഞ കണ്ണുകളോടെ ... അവരുടെ മകൻ

രക്ഷപ്പെടുമെന്ന പ്രത്യാശയാണോ അവരുടെ കണ്ണിൽ..! അതോ

രക്ഷപ്പെടുത്തണമെന്ന യാചനയോ..? വൃദ്ധയുടെ പിടി
വിടുവിക്കാനോ

ഓടാനോ കഴിയാതെ നിന്നു.

അതെ.. നാദിറയുടെ സ്കൂള് തന്നെ. ലക്ഷ്യം തെറ്റിപ്പതിച്ചതെന്നു

വിശദീകരണവും....

അള്ളാ.. മോൾ ഈ കൂട്ടത്തിൽ ഉണ്ടാകല്ലേ..

ഭീതിദമായ കാഴ്ചകൾ..

അലമുറകൾ...

അതാ... സമർ ഓടുന്നു..

നടുങ്ങിപ്പോയി

'സമർ... സമർ..'. ഉച്ചത്തിൽ വിളിക്കാൻ ശ്രമിച്ചു.

ബഹളത്തിനിടയിൽ ശബ്ദം മുങ്ങിപ്പോയി..

അവൻ കേട്ടു കാണില്ല.

കണ്ണുകളിൽ ഇരുട്ട് കയറുന്നത് പോലെ.. ആസ്പത്രിയും കെട്ടിടങ്ങളും
ഇടിഞ്ഞ്

താണ് തന്റെ നേരെ വരുന്നതുപോലെ...

മോളെ......നാദിറാ...

ആർ ശ്രീകുമാർ

അധ്യാപകൻ

# "THE WEIGHT OF EXPECTATIONS"

***Ann sat in the class overwhelmed by tests, quizzers and***

***project. Her parents expected straight. As and her friend***

***seemed to handle it effortlessly. But Ann struggled keeping***

***up with her friends, worrying about  failing maths not making***

***into the school team team thus dissapointing her***

***parents.When her English teacher Vidhu. Ms noticed Ann's***

***distress, she asked, "Are you okay" Ann opened up sharing her***

***fears, and  Vidhu. ms advised, you more than you'r grades,***

***"What do you love doing***

***Ann remembered her passion for singing and decided to join a***

***choir group discovered balance friend ship and self-worth. As***

***ann's grades improved so did her happiness, she realised that i***

***ts okay to ask for help prioritize one's own well being and***

***reedefine success on her own terms.***

***THE END***

***By: Ann Mary Bruse***

***Class: Vll C***

# राखो

राखो धागों त्योहार है।
इस मे भाई और बहन का प्यार है।
भाई बहन की रक्षा करता है..!!
बहन भाई से प्यार करता है!...
बहन भाई को राखो पहनाता...है
भाई बहन की रक्षा करता....है।
सभो राखो बँधवाड।
भाई-बहन का प्यार है।...
रक्षाबधन इस त्योहार कानाम है!!!।

नवनीत.एस
7.D



# *അതിജീവനത്തിന്റെ കഥ*

*പരവധാനി വിരിച്ച നെൽപ്പാടങ്ങൾ അതിനിടയിലൂടെ*
*ചെറുകൈതോടുകൾ സൂര്യന്റെ പൊൻ കിരണങ്ങളേൽകും*
*വിശാലമായ*
*തേയില തോട്ടം പ്രകൃതി സമ്പന്നമായ വയനാടൻ ഗ്രാമ കാഴ്ച.*
*ഒരു ദിവസം*
*രാവിലെ കനത്ത മഴയായിരുന്നു കുട്ടികളെല്ലാം സ്കൂളിലേക്ക്*
*പോയി*
*മുതിർന്നവർ അവരുടെ ജോലിക്കായി പോയി അങ്ങനെ*
*ഉച്ചകഴിഞ്ഞു മഴ ഒരു*
*തുണ്ട് മുറിയാതെ പെയ്യുകയാണ് അങ്ങനെ രാത്രിയായി*
*എല്ലാവരും*
*ഒരുമിച്ചിരുന്ന് സന്തോഷത്തോടെ ഭക്ഷണം കഴിച്ചു കിടന്നു.*
*അപ്പോഴും മഴയുടെ*
*ശക്തി കുറയുന്നതേയില്ലാ. അങ്ങനെ മഴ അതി കഠിനമായി*
*പെയ്തു ആ*
*കാഠിന്യത്തിൽ മണിടിഞ്ഞു ആ മണ്ണിടിച്ചിലിൽ മയങ്ങി കിടന്ന*
*നൂറുകണക്കിനു*
*പേരെ മണ്ണ് എടുത്തുകൊണ്ട് പോയി ചിലർ ആ മഹാ*
*ദുരന്തത്തിൽ നിന്ന്*
*അതിജീവിച്ചു ചിലർ ആ മണ്ണിൽ തന്നെ എന്നേക്കുമായി*
*മയങ്ങുന്നു.ഈ മഹാ*
*ദുരന്തത്തിൽ ഒന്നു രണ്ടു പേരല്ല മരണമടഞ്ഞത്*
*ആയിരകണക്കിനു പേരാണ്.*

അതിൽ കുഞ്ഞുങ്ങൾ മുതൽ മുതിർന്നവർ വരെയുണ്ട്. ഒരു രാത്രികൊണ്ട് മണ്ണ്
ഒരു നാടിനെ തന്നെ വിഴുങ്ങി. പ്രകൃത്തിയുടെ ഇങ്ങനെയുള്ള ദുരന്തങ്ങൾക്ക്
കാരണം നമ്മൾ തന്നെയാണ് പണ്ടുക്കാലത്ത് മഴയും, പുഴയും നെൽപ്പാടങ്ങളും
ഉണ്ടായിരുന്നു. ഇന്നതെല്ലാം നികത്തി പുതിയ പുതിയ റിസോർട്ടുകളും
ഫ്ലാറ്റുകളും പണിയുന്നു അങ്ങനെയാണ് ഇപ്പോഴത്തെ എല്ലാ ദുരന്തങ്ങളും
ഉണ്ടാവുന്നത് അങ്ങനെ ഉണ്ടായ ഒരു ദുരന്തമാണ് നമ്മുടെ വയനാട്ടിൽ
സംഭവിച്ചത്.  വയനാടിന്റെ തിരിച്ചു വരവിനായി നമ്മുക്ക് പ്രാർത്ഥിക്കാം.

***Jayalekshmi B**



# ചരടുകൾ

അവർ ഒന്നും മിണ്ടാതെ അകന്നിരുന്നു. ആ നീണ്ട മൗനത്തിൽ

അവർക്ക് മടുപ്പ് തോന്നുന്നില്ലേ ?വക്കീൽ ആപ്പീസിൽ

എത്തുന്നവരുടെ എണ്ണം കൂടിവരുന്നു. ജീവിതത്തിന്റെ

നിറംമങ്ങിയ ഏടുകളിലൂടെ വെറും രണ്ടു വർഷം മാത്രം ഒരുമിച്ച് ജീവിച്ച്

ഇനിയുള്ള നാൾ അതിനു കഴിയില്ല എന്നു തോന്നിയിരിക്കാം


അവർക്ക്. പിരിയാൻ തീരുമാനിച്ച അവർ

ആ രണ്ടു വർഷത്തെ കലഹം നിറഞ്ഞ ജീവിതത്തെ ഓർക്കുകയെന്നോണം

വേറേതോ ലോകത്തേക്ക് പോയതായി തോന്നി. അവരുടെ ഊഴമെത്തി.

ഗൃഹസ്ഥൻ തന്റെ കുഴിഞ്ഞ കണ്ണുകൾക്കൊണ്ട് അവരെ രണ്ടുപേരേയും നോക്കി.

വക്കീൽ അവരെ ശ്രദ്ധിച്ചു. രണ്ടുപേർക്കും അധികം പ്രായമില്ല. അയാൾ :



“എനിക്ക് ഇന്ന് ഇവളോടൊപ്പം ജീവിക്കാൻ കഴിയില്ല“. അതുകേട്ട് സ്ത്രീയുടെ മുഖം

കറുത്തു. അവർ പറഞ്ഞു : “എനിക്കും ഇത് തുടരാൻ കഴിയില്ല.ഡിവോഴ്സ് വേണം.

”അവർ നിശ്ശബ്ദമായി. ആ നിശ്ശബ്ദതയെ ഭേദിച്ചെന്നോണം പങ്കയുടെ ശബ്ദം

ഉയർന്നുകേട്ടു. വക്കീലിന്റെ അഭിപ്രായങ്ങളും അനുനയശ്രമവും

വിഫലമായിരുന്നു. കേസിന്റെ തീയതി നിശ്ചയിച്ച് അവർ വീട്ടിലേക്ക് മടങ്ങി.

അവൾ ഓർത്തു. വിവാഹത്തിന് മുമ്പ് അഞ്ചുവർഷം നീണ്ട പ്രണയചാരുത !

എന്തേ അന്നേ മനസ്സിലാക്കിയില്ല ? ഇങ്ങനെയൊരാളെയേ ആയിരുന്നില്ല

താൻ സ്നേഹിച്ചത് ! പൊള്ളയായ ഭംഗിവാക്കുകൾ നിരവധി പറഞ്ഞു മയക്കി.

വിവാഹത്തിന്റെ പിറ്റേന്ന് മുതൽ തുടങ്ങിയതാണ് ഈ നരകതുല്യമായ

ജീവിതം. തനിക്കും ഒരു മോചനം വേണ്ടേ ? ഇയാൾക്കുവേണ്ടി തന്റെ

വീട്ടുകാരെവരെ താൻ തള്ളിപ്പറഞ്ഞു. എന്തിനുവേണ്ടിയായിരുന്നു എല്ലാം ?

അവസാനിപ്പിക്കുന്നത് വളരെ ആലോചിച്ച കാര്യമാണ്. അയാൾക്ക് മാറാൻ

ശ്രമിച്ചുകൂടെ! മദ്യപാനം ഒഴിവാക്കാൻ അയാൾക്ക് കഴിയില്ലേ ? ആലോചനകൾ

അങ്ങനെ നീണ്ടു. ആ രാത്രിയും കടന്നുപോയി.


രാവിലെ 10 മണി.

വക്കീലാപ്പീസ്സിൽ അവർ എത്തി. ഒന്നും മിണ്ടാതെ അവർ ഇരുന്നു. വക്കീൽ

എത്തി. വക്കീൽ അവരെ വിവാഹബന്ധത്തിന്റെ മൂല്യങ്ങൾ

ഓർമ്മപ്പെടുത്താൻ ശ്രമിച്ചു. ഒന്നുകൂടി ആലോചിച്ച് ഒരു തീരുമാനമെടുക്കാൻ

അവർ സമ്മതിച്ചു. അയാൾക്ക് തന്റെ അതുവരെയുള്ള മടുപ്പ് തോന്നിയിരുന്നു.



തന്റെ ഈ മദ്യാനം കാരണം എന്തെല്ലാം നഷ്ടപ്പെട്ടു. കുടുംബം, ജോലി,

സമ്പാദ്യം അങ്ങനെയെല്ലാം മാറാൻ ശ്രമിക്കുന്തോറും കൂടുതൽ അകപ്പെട്ടു

പോവുന്നു. മനസ്സിന് തളർച്ച തോന്നുന്നു. ഇതാ ! തന്റെ മുമ്പിൽ ഒരു

അവസരം കൂടി വന്നിരിക്കുന്നു. ഈ ജീവിതരീതി മാറ്റി ഒരു പുതിയ ജീവിതം

തുടങ്ങാൻ ! ഇതാ ഒരു അവസരം . പിറ്റേന്ന് മുതൽ അയാൾ തന്റെ പഴയ

ശീലങ്ങൾ ഒക്കെ മറന്ന് പുതിയൊരു മനുഷ്യനായി മാറാൻ തുടങ്ങി.അവൾക്ക്

വിശ്വസിക്കാൻ കഴിഞ്ഞില്ല. ഇത്രയും കാലം സാധിക്കാത്തത്



ഇത്ര പെട്ടെന്ന് എങ്ങനെ ? ഈ മാറ്റം  വിശ്വസിക്കാമോ ? അയാൾ അവളോട് സൗമ്യമായി പെരുമാറാൻ തുടങ്ങി. ആ കുറച്ചുകാലം കൊണ്ട് അവരുടെ ഉള്ളിൽ വരണ്ടുകിടന്നിരുന്ന ആ പഴയസ്നേഹം വീണ്ടും പുതുനാമ്പുകളായി തളിരിട്ടു. ഒരു വർഷത്തിനുശേഷം വക്കീലാപ്പീസിൽ അവർ ഒരുമിച്ച് എത്തി. ഗുമസ്തൻ തന്റെ കുഴിഞ്ഞ കണ്ണുകളുടെ ഒരു നോട്ടം അങ്ങോട്ടേക്കയച്ചു. ഇത്തവണ അവർ എത്തിയത് പിരിയാൻ തീരുമാനിച്ചല്ല. മറിച്ച് ഒന്നുചേരാൻ തീരുമാനിച്ച കാര്യം വക്കീലിനെ അറിയിക്കാനവർ എത്തിയത്. വക്കീൽ പറഞ്ഞു: “ചെറിയ പ്രശ്നങ്ങൾ എല്ലാം കുടുംബങ്ങളിലുമുണ്ടാകും. തന്റെ തെറ്റുകൾ തിരുത്തി ആ കുടുംബത്തെ മുന്നോട്ട് കൊണ്ടുപോവുകയാണ് വേണ്ടത്. ഇനി നിങ്ങളിരുവരും അങ്ങനെയായിരിക്കണം. “അവർ ചെറുപുഞ്ചിരിയോടെ ഇറങ്ങി പരസ്പരം നോക്കി. അവിടെനിന്നും ഇനിയുള്ള മധുരസ്വപ്നത്തെ ചിറകിലേറ്റി അവർ പറന്നു.

Anusree S

# ചന്ത

*******

ഒരിക്കൽ ഒരധ്യാപിക ക്ലാസെടുത്തുകൊണ്ടിരിക്കവേ

ബോർഡിൽ ചോക്ക് കൊണ്ട് 'ചന്ത' എന്നെഴുതി...

എന്നിട്ട് തന്റെ കുട്ടികളോടായി പറഞ്ഞു..

"ഞാൻ ഇവിടെ എഴുതിയ ഈ വാക്കിനോട്

ചില ചിഹ്നങ്ങൾ കൂട്ടിച്ചേർക്കുമ്പോൾ

അതിന്റെ അർത്ഥമാകെ മാറും..

ഉദാഹരണത്തിന് ഈ വാക്കിലെ

ഒരക്ഷരത്തിനോട്ഒരു അനുസ്വാരം  ചേർത്താൽ

അത് 'ചന്തം' എന്ന് വായിക്കാം..."

ഒരു നിമിഷ നേരത്തെ മൌനത്തിനു ശേഷം

അവർ  തുടർന്നു ...

"എന്നാൽ, ഈ വാക്കിലെ ഒരക്ഷരത്തിൻറെ കൂടെ

ഒരു വള്ളി ചേർത്താൽ നമ്മൾ എങ്ങനെ

വായിക്കും...?

ക്ലാസ്സിലാകെ ഒരാരവമുയർന്നു....

വികൃതിപ്പിള്ളേരിരിക്കുന്ന പിൻ ബഞ്ചിൽ നിന്ന്

അടക്കിപ്പിടിച്ച ചിരികളും

ചില കമന്റുകളും ഉയർന്നു..

പെൺകുട്ടികൾ ബോർഡിലേക്ക് നോക്കാതെ

താഴോട്ടു മുഖം കുനിച്ചിരുന്നു..

മുന്നിലിരിക്കുന്ന പഠിപ്പിസ്റ്റുകൾ

'ഈ ടീച്ചറിനിതെന്തുപറ്റി 'യെന്ന്

ഒരൽപം നീരസത്തോടെ

പരസ്പരം നോക്കി നെറ്റി ചുളിച്ചു ...

ചില കമന്റുകളും ഉയർന്നു..

പെൺകുട്ടികൾ ബോർഡിലേക്ക് നോക്കാതെ

താഴോട്ടു മുഖം കുനിച്ചിരുന്നു..

മുന്നിലിരിക്കുന്ന പഠിപ്പിസ്റ്റുകൾ

'ഈ ടീച്ചറിനിതെന്തുപറ്റി 'യെന്ന്

ഒരൽപം നീരസത്തോടെ

പരസ്പരം നോക്കി നെറ്റി ചുളിച്ചു ...

"ശരി നിങ്ങൾ പറയേണ്ട...

ഞാൻ തന്നെ എഴുതിക്കോളാം .."

ടീച്ചർ  ചോക്ക് കൈയിലെടുത്തു

ബോർഡിനടുത്തേക്ക് നീങ്ങി..



ശേഷം എഴുതിയ അക്ഷരങ്ങളോട്

ഒരു വള്ളി ചിഹ്നം ചേർത്ത് വെച്ചു...

"ഇനി ഇതൊന്നു വായിക്കൂ..."

ബോർഡിലേക്കു നോക്കിയ കുട്ടികളുടെ

മുഖത്തുനിന്നു പതുക്കെ ചിരി മാഞ്ഞു..

അവരുടെ ചുണ്ടുകൾ ഇങ്ങനെ വായിച്ചു....

"ചിന്ത"

"അതെ.. ചിന്ത..."

ടീച്ചർ  പറഞ്ഞു..

"നിങ്ങളുടെ ചിന്തയാണ് ഇവിടുത്തെയും പ്രശ്നം..

ഞാൻ നിങ്ങളോട് ഈ

ഒരക്ഷരത്തിന്റെ കൂടെ

ഒരു വള്ളി ചിഹ്നം ചേർക്കാനേ പറഞ്ഞുള്ളൂ...

ഏതു അക്ഷരം എന്ന് പറഞ്ഞിരുന്നില്ല...

*പക്ഷെ നല്ലതു മാത്രം ചിന്തിക്കുവാൻ ശീലിക്കുക....*

*മനസ്സു നന്നാകും...*

*മനസ്സു നന്നായാൽ പ്രവൃത്തിയും അങ്ങനെ വ്യക്തിയും നന്നാവും...*

*വ്യക്തി നന്നായാൽ കുടുംബവും*

*കുടുംബം നന്നായാൽ സമൂഹവും*
*നന്നാവും.*

***NAYANA***

***IX E.***

# ⋆⋆കേൾവിയില്ലാത്ത ശബ്ദം⋆⋆

വിളിക്കാതെ തന്നെ അവൾ
ദിവസങ്ങളെ വിളിക്കുന്നു, കേൾക്കപ്പെടാത്ത
ശബ്ദങ്ങൾ ഹൃദയത്തിന്റെ ചുവരുകളിൽ
തിരിച്ചു വന്നു ഇടിക്കുന്നു.
പറയാൻ വാക്കുകളുണ്ട്,
കേൾക്കാൻ ആരുമില്ല,
അതിനാൽ മൗനം തന്നെ
അവളുടെ ഭാഷയായി മാറുന്നു.
ചിരി അവൾക്കൊരു
സംരക്ഷണമാത്രമാണ്, ഉള്ളിൽ
പതുങ്ങുന്ന  വേദനയെ ലോകം
കാണാതിരിക്കാനായി ധരിച്ച മറ...
ഒറ്റയ്ക്കുള്ള നിമിഷങ്ങളിൽ ഹൃദയം
പതുക്കെ പിളരുന്നു,
ആരും കാണാതെ, ആരും കേൾക്കാതെ—
അവൾ മാത്രം അത് അനുഭവിക്കുന്നു.

ജെറീറ്റ രഞ്ജി
10 B



പ്രമോദ് കുമാർ. ടി
ളാക്കൂർ.



# അവൾ

പതിവുപോലെ രാവിലെ നേരത്തെ ഉണർന്നു. അടിച്ചുവാരി വൃത്തിയാക്കൽ കഴിഞ്ഞപ്പോഴേക്കും ഉമ്മറത്തുനിന്ന് നീളത്തിലുള്ള ആ വിളി വന്നു....

റഷ്യയും യുക്രൈനും യുദ്ധം തുടങ്ങിയത്രേ...

ഇനി എന്നാണാവോ ഇ ലോകത്ത് സമാധാനം പുലരുക..?

മിസൈൽ വേഗത്തിൽ ചായയുമായെത്തിയ ഭാര്യയ്ക്ക് എന്ത് യുദ്ധം... എന്ത് സമാധാനം..!

രാവിലെ ഒപ്പം കൂടിയ മകളുടെ യുദ്ധം സമയത്തോടെയിരുന്നു. മൊബൈൽ സ്ക്രീനിൽ രാത്രി വൈകിയും ശത്രുവിനെ കീഴ്പ്പെടുത്താനാവാതെ യുദ്ധം ചെയ്ത് തളർന്നുറങ്ങിയ മകൻ ഇനിയും ഉണർന്നിട്ടില്ല. മാലാലയും ഇറോം ഷർമിളയും ദയാ ബായിയും പകർന്നുനൽകിയ തീക്കനലിന്റെ ചൂടേറ്റ് അടുക്കളയിൽ ഹൃദയം വെന്തുരുകി...

ചൂടാറാത്ത ചായയിൽ നിന്നുയർന്ന വിയർപ്പിന്റെ ഗന്ധത്തിന് അപ്പോഴും പേര് 'അവൾ ' എന്നുതന്നെയായിരുന്നു....

**മലയാളി മാസിക.**

# മീനാക്ഷി

ആ യാത്രക്കിടയിൽ  നേരം രാവിലെയായി

"മീനാക്ഷി ,,,, എടി മീനാക്ഷി "

മീനാക്ഷിയുടെ അമ്മ അവളെ വിളിച്ചു

കൊണ്ടിരുന്നു  ഇന്നല്ലേ മൂന്നാറിൽ

പോകുന്നത് ആദ്യമൊക്കെ എന്തൊരു

ഉത്സാഹമായിരുന്നു ഇപ്പോൾ കണ്ടില്ലേ

ഉച്ചയായിട്ടും കിടന്ന് ഉറങ്ങുന്നത് " ഓ ഈ അമ്മ

വെക്കേഷൻ ആയാലും

ഉറങ്ങാൻ സമ്മതിക്കില്ല അമ്മേ കുറച്ച് നേരം കൂടി "

മീനാക്ഷി പറഞ്ഞു

"അപ്പോൾ നീ മൂന്നാറിന് വരുന്നില്ലല്ലോ

' അമ്മ ചോദിച്ചു

" ഏ മൂന്നാറോ  ഓ

ഇന്നായിരുന്നല്ലേ മൂന്നാറിന് പോകുന്നത്

" അവൾ  ചാടി

എണീറ്റ് ഓടി

പോയി കുളിച്ചു ചേട്ടൻമാരുടേയും

ചേച്ചിമാരുടേയും  അനിയത്തിമാരുടേയും

അനിയന്മാരുടേയും ഒക്കെ കൂടെ ടൂർ

പോകാൻ അവൾക്ക്  ആകാംക്ഷ കൂടി .

വേഗം ഒരുങ്ങി അവൾ കഴിക്കാൻ ചെന്നപ്പോൾ  അമ്മ

ചോദിച്ചു  " അപ്പോൾ

നിനക്ക് വേഗം ഒരുങ്ങാനും അറിയാം അല്ലേ " മീനാക്ഷി  ഒരു കള്ള

ചിരിയുമായി കഴിക്കാൻ ഇരുന്നു കഴിച്ചതിന് ശേക്ഷം

അവർ എല്ലാവരും പല

പല കാറുകളിലായി യാത്ര തുടങ്ങി  അതിൽ കുട്ടികൾ

കുടുതൽ ഉള്ള കാറിൽ

ആയിരുന്നു മീനാക്ഷിയും  കുറച്ച് കഴിഞ്ഞപ്പോൾ

കുട്ടികൾക്കെല്ലാം വിശന്ന്

തുടങ്ങി കൃത്യസമയത്ത് ചിറ്റപ്പൻ ചോദിച്ചു " കുട്ടികളെ വിശക്കുന്നുണ്ടോ "

കുട്ടികളെല്ലാം ഒരേ സ്വരത്തിൽ പറഞ്ഞു " ഉണ്ട് " അവർ

ഒരു കടയുടെ മുൻപിൽ നിർത്തി ബിസ്ക്കറ്റും

മിഠായിയുമൊക്കെ വാങ്ങി യാത്ര തുടർന്നു കുറച്ച്


കഴിഞ്ഞപ്പോൾ അവർ മൂന്നാറിന്റെ തണുത്ത

അരുവികളുടേയും

മലകളുടേയും കോടമഞ്ഞിന്റെയും സൗന്ദര്യം

ആസ്വദിക്കാൻ തുടങ്ങി  ഉച്ച

ഭക്ഷണം അവർ കൈയ്യിൽ കരുതിയിരുന്നു  അത്



കഴിക്കാനായി വണ്ടി ഒരു

മരച്ചുവട്ടിലേക്ക് ഒതുക്കി  മീനാക്ഷി കഴിക്കാൻ

തുടങ്ങിയപ്പോൾ ഒരു ദയനീയ

ശബ്ദം കേട്ടു അത് കുറച്ച് പൂച്ചകൾ

ആയിരുന്നു ഒരു അമ്മയും

അഞ്ച് മക്കളും

അവർ  എല്ലാവരുടേയും പുറകേ നടക്കുന്നുണ്ടെങ്കിലും

ആരും അവരെ വക

വെയ്ക്കുന്നില്ലായിരുന്നു  ഇത് കണ്ടപ്പോൾ

മീനാക്ഷിക്ക്  സങ്കടം തോന്നി അവർ

പട്ടിണി ആയിരുന്നു എന്ന്
അവരുടെ ശരീരം

കാണുമ്പോഴെ
അറിയാമായിരുന്നു

അവർക്ക് ഭക്ഷണം
കൊടുത്താൽ തന്റെ അച്ഛനും

അമ്മയും തന്നെ വഴക്ക്
പറയുമെന്ന് അവൾക്ക്

അറിയാമായിരുന്നു  അത്

കൊണ്ട് അവൾ ആരും
അറിയാതെ കുറച്ച് മീനും
ചോറും

അവർക്ക് നൽകി

ഭക്ഷണം കഴിച്ചതിന് ശേഷമുള്ള
ഒരു പൂച്ച കുഞ്ഞിന്റെ

കുസൃതിയും ചാട്ടവും

കണ്ട് അവൾക്ക് ചിരി വന്നു
അവൾ അതിനെ

സ്നേഹപൂർവ്വം ടിട്ടു എന്ന്
വിളിച്ചു

അവൾ അവിടെ നിന്ന് കാറിൽ
കയറി പോകുന്നതുവരെ

ടിട്ടു അവളുടെ അടുത്ത് നിന്നും

മാറുന്നുണ്ടായിരുന്നില്ല
അവൾക്ക് ടിട്ടുവിനെ വളരെ

ഇഷ്ടപ്പെട്ടു  അതിന് ശേഷം
അവൾ കാഴ്ച്ചകൾ ഒക്കെ

കണ്ട് തിരിച്ച്

വരുമ്പോൾ മീനാക്ഷിയുട കണ്ണ്
നിറയ്ക്കുന്ന ഒരു കാഴ്ച കണ്ടു

ടിട്ടു ഒരു വണ്ടി

കയറി അവിടെ ചത്ത് കിടക്കുന്നു

അവിടെ അമ്മയേയും

മറ്റ് കുഞ്ഞുങ്ങളേയും

കാണാനും ഇല്ല അവർ
എവിടെയായിരിക്കും ?

അവരുടെ അവസ്ഥയും ഇതു


തന്നെ ആയിരിക്കുമോ എന്ന് ഓർത്ത്

അവൾ ആരും അറിയാതെ വിങ്ങി

വിങ്ങി കരഞ്ഞു

SREENIDHA

6 D



# [illegible]

*എൻ ഹൃദയത്തിനകതാരിലെ പുസ്തകകൂട്ടിൽ*
*ഒരു തുണ്ടു മയിൽപ്പീലി ഞാൻ കരുതിവച്ചു.*
*വേണുനാദവും മീട്ടിയെൻ കണ്ണൻ വരുമ്പോൾ*
*അത് അവൻ തൻ നെറുകയിൽ ചൂടിച്ച് അലങ്കരിക്കും.*
*ആ നേരം അവൻതൻ മിഴികളിൽ തൂവുന്ന*
*വെള്ളീവെളിച്ചം എൻ ഹൃത്തിലേറ്റും*
*എന്നും പ്രകാശിക്കാൻ ഞാൻ അത്*
*കാത്ത് വയ്ക്കും.*

*മഞ്ജിമ അനിൽ*
IX. E



# മൗനത്തിന്റെ ലോകം

കാണാത്ത നൂലിനാൽ കോർത്ത ഇട്ട മുത്തുകൾ
കാലത്തിന് കയ്യിലെ കളിപ്പാവകൾ..
നമ്മൾ അലയുന്ന കാറ്റും തിരയുന്ന കടലും
അറിയാത്ത ഭാഷയിൽ കഥ ചൊല്ലും
പകലിന്റെ വെളിച്ചത്തിൽ ചിരിക്കുന്ന ലോകം
ഇരുളിന്റെ മറവിൽ വിതുമ്പുന്നു...
സ്നേഹത്തിന് പൂക്കൾ വിരിയുന്ന മണ്ണിൽ
സ്വാർത്ഥത തൻ മുള്ളുകൾ തറക്കുന്നു...
ആയിരം സ്വപ്നങ്ങൾ വിതച്ചോരി മണ്ണിൽ
അറിയാതെ പോവുന്ന വിഷമങ്ങൾ ഇന്ന്
പകുത്തു നൽകാൻ മടിക്കുന്ന കൈകളും
പകരമില്ലാത്തൊരു സ്നേഹവുമുണ്ട്

_ആദിത്യ മനോജ്


dreamstime




# കലയുടെ കണ്ണുകൾ















***Divija Jayakumar***
***8 D***



# സ്കൂൾ പത്രക്കുറിപ്പ്

(2024 - 2025 )

സൺഡേ +

# ഇന്ത്യയെ അറിയാൻ കവിതയുമായി അധ്യാപകൻ

**കെ.ആർ.കെ. പ്രദീപ്**
**കോന്നി**

▸ കവിത രചിക്കാൻ ഇതിവൃത്തമായി നദികളും സംഭവങ്ങളും വരാറുണ്ട്. എന്നാൽ, രാജ്യത്തെ സംസ്ഥാനങ്ങളും തലസ്ഥാനങ്ങളും ചേർത്ത് കവിത രചിച്ച് ശ്രദ്ധേയനാകുകയാണ് കോന്നി റിപ്പബ്ലിക്കൻ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ ഹൈസ്കൂൾ അധ്യാപകനായ ടി. പ്രമോദ് കുമാർ.


ടി. പ്രമോദ് കുമാർ

28 സംസ്ഥാനങ്ങളും അവയുടെ തലസ്ഥാനങ്ങളും സവിശേഷതകളും ചേർത്താണ് കവിത രചിച്ചത്. പാട്ടു പാടി തലസ്ഥാനങ്ങളും സംസ്ഥാനങ്ങളും മനസ്സിലാക്കുക എന്നതാണ് പ്രമോദ് കുമാറിന്റെ പുതിയ പരീക്ഷണം. ജിജോ ചേരിയിലിന്റെ സംഗീതത്തിൽ പാർവതി ജഗീഷാണ് പാടിയിരിക്കുന്നത്. ആറ് മിനിറ്റ് ദൈർഘ്യമുള്ള പാട്ട് രണ്ടോ, മൂന്നോ തവണ കേൾക്കുമ്പോൾതന്നെ, സ്ഥലങ്ങൾ മനസ്സിലാക്കാൻ കഴിയും.

എൽപിതലം മുതൽ ഹയർസെക്കൻഡറിതലം വരെയുള്ള കുട്ടികൾക്ക് മനസ്സിലാകത്തക്ക രീതിയിലാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്. വരികൾക്കൊപ്പം ദൃശ്യങ്ങളും ഉൾപ്പെടുത്തിയാണ് സാമൂഹികമാധ്യമങ്ങളിൽ പ്രചരിക്കുന്നത്. ളാക്കൂർ അത്തിക്കാലായിൽ തങ്കപ്പക്കുറുപ്പിന്റെയും രാധാ ടി. കുറുപ്പിന്റെയും മകനാണ് പ്രമോദ്. അധ്യാപക രംഗത്തെ സംഭാവനകൾക്ക് സുകുമാർ അഴീക്കോട് സ്മാരക പുരസ്കാരത്തിന് അർഹനായിട്ടുണ്ട്.


കോന്നി ആർവിഎച്ച്എസ്എസിലെ പാഠനോത്സവം എലിയറയ്ക്കൽ ഗാന്ധിഭവൻ ദേവലോകത്തിൽ നടത്തിയപ്പോൾ.

# പഠനോത്സവം നടത്തി

കോന്നി ● ആർവിഎച്ച്എസ്എസിലെ പഠനോത്സവം എലിയറയ്ക്കൽ ഗാന്ധിഭവൻ ദേവലോകത്തിൽ നടത്തി. പൊതു ഇടങ്ങളിൽ പഠന മികവുകൾ അവതരിപ്പിക്കുന്നതിന്റെ ഭാഗമായാണ് പഠനോത്സവം നടത്തിയത്. കളിയും ചിരിയും പാട്ടുമായി കുട്ടികൾ അവർക്കൊപ്പം കൂടി. പ്രത്യേകം തയാറാക്കിയ ഗെയിമുകളിൽ വിജയികൾക്ക് സമ്മാനങ്ങളും വിതരണം ചെയ്തു.

സ്കൂൾ തയാറാക്കിയ ഹ്രസ്വ ചിത്രത്തിന്റെയും ഡോക്യുമെന്ററിയുടെയും പ്രദർശനവും നടത്തി. പഞ്ചായത്ത് പ്രസിഡന്റ് റോജി ഏബ്രഹാം ഉദ്ഘാടനം ചെയ്തു. സ്കൂൾ മാനേജർ എൻ.മനോജ്, പിടിഎ പ്രസിഡന്റ് മനോജ്, പ്രഥമാധ്യാപകൻ ആർ.ശ്രീകുമാർ, ഗാന്ധിഭവൻ ദേവലോകം ഡയറക്ടർ എസ്. അജീഷ്, എസ്.സന്തോഷ് കുമാർ, സിആർസി കോഓർഡിനേറ്റർ ഭദ്ര ശങ്കർ, സ്റ്റാഫ് സെക്രട്ടറി എം.വി.സുപ്രിയ, ടി.പ്രമോദ് കുമാർ, ആർ.ശോഭ എന്നിവർ പ്രസംഗിച്ചു.


ജില്ലാ സ്കൂൾ കായികമേളയിലെ കരാട്ടെ ചാംപ്യൻഷിപ്പിൽ ആൺകുട്ടികളുടെ 82 കിലോഗ്രാം വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയ മുഹമ്മദ് ഹാഫിസ് ഷമീർ, വുഷു ടൂർണമെന്റിൽ പെൺകുട്ടികളുടെ 48 കിലോഗ്രാം വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയ അനന്യ എസ്.രാജ്, 52 കിലോഗ്രാം വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയ എസ്.സായൂജ്യ, കരാട്ടെ ചാംപ്യൻഷിപ്പിൽ പെൺകുട്ടികളുടെ 40 കിലോഗ്രാം വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയ ആഞ്ജലീന ടി.അനീഷ്. (എല്ലാവരും ആർവിഎച്ച്എസ്എസ്, കോന്നി).

**മലയാള മനോരമ**


കോന്നി റിപ്പബ്ലിക്കൻ വൊക്കേഷനൽ ഹയർസെക്കൻഡറി സ്കൂളിലെ 7-ാം ക്ലാസ് വിദ്യാർഥിനി വി.ആർ. കൃഷ്ണേന്ദുവിന് മലയാള മനോരമ ന്യൂസ് ഫെസ്റ്റ് ലേണിങ് പസിൽ 2ൽ സമ്മാനമായി ലഭിച്ച സൈക്കിൾ സ്കൂൾ മാനേജർ എൻ.മനോജ്, പ്രഥമാധ്യാപകൻ ആർ.ശ്രീകുമാർ എന്നിവർ ചേർന്ന് കൈമാറുന്നു.

### മലയാള മനോരമ ന്യൂസ് ഫെസ്റ്റ് ലേണിങ് പസിൽ 2

## വി.ആർ.കൃഷ്ണേന്ദുവിന് സൈക്കിൾ സമ്മാനം

കോന്നി ● വായിച്ചു വളർന്ന് അറിവിന്റെ ലക്ഷ്യത്തിലേക്ക് അതിവേഗം മുന്നേറാൻ കോന്നി റിപ്പബ്ലിക്കൻ വൊക്കേഷനൽ ഹയർസെക്കൻഡറി സ്കൂളിലെ 7-ാം ക്ലാസ് വിദ്യാർഥിനി വി.ആർ.കൃഷ്ണേന്ദുവിന് മലയാള മനോരമയുടെ സ്നേഹസമ്മാനം.

മനോരമ ന്യൂസ് ഫെസ്റ്റ് ലേണിങ് പസിൽ 2ൽ സൈക്കിളാണ് കൃഷ്ണേന്ദുവിന് സമ്മാനമായി ലഭിച്ചത്. വള്ളിക്കോട് കോട്ടയം ഇളപ്പുപാറ എ.ആർ.രാജേഷ് കുമാറിന്റെയും വിനീത രാജേഷിന്റെയും മകളാണ് കൃഷ്ണേന്ദു.

മനോരമ ന്യൂസ് ഫെസ്റ്റ് ലേണിങ് പസിൽ മത്സരത്തിൽ കൃഷ്ണേന്ദു വിജയിച്ചതോടെ സ്കൂളിന് ഇതു രണ്ടാം തവണയാണ് സൈക്കിൾ സമ്മാനമായി ലഭിക്കുന്നത്.

മാതാപിതാക്കൾക്കും സഹോദരൻ വി.ആർ.ഗോപു കൃഷ്ണനുമൊപ്പം സൈക്കിൾ ഏറ്റുവാങ്ങി. സ്കൂളിൽ നടന്ന ചടങ്ങിൽ സ്കൂൾ മാനേജർ എൻ.മനോജ്, പ്രഥമാധ്യാപകൻ ആർ.ശ്രീകുമാർ എന്നിവർ ചേർന്ന് സൈക്കിൾ സമ്മാനിച്ചു. അധ്യാപക കോഓർഡിനേറ്റർ പ്രമോദ് കുമാർ, സ്റ്റാഫ് സെക്രട്ടറി എം.വി.സുപ്രിയ, അധ്യാപകരായ ആർ.സുരേഷ് കുമാർ, ആർ.വിധു, റിപ്പബ്ലിക്കൻ എജ്യുക്കേഷൻ ചാരിറ്റബിൾ ട്രസ്റ്റ് അംഗം എസ്.സന്തോഷ് കുമാർ, മലയാള മനോരമ സർക്കുലേഷൻ എക്സിക്യൂട്ടീവ് റോജിമോൻ തോമസ് എന്നിവർ പ്രസംഗിച്ചു.

26/03/2025 | Pathanamthitta | Page : 03
Source : https://epaper.manoramaonline.com/

**Mathrubhumi മാതൃഭൂമി**

### കോന്നി റിപ്പബ്ലിക്കൻ വിഎച്ച്എസ്എസ്സിൽ പ്ലാക്കാട്ട് ഗ്രാനൈറ്റ്സ് പയ്യനാമൺ-മാതൃഭൂമി മധുരം മലയാളം



**മധുരം മലയാളം**

▶ പയ്യനാമൺ പ്ലാക്കാട്ട് ഗ്രാനൈറ്റ്സുമായി ചേർന്ന് കോന്നി റിപ്പബ്ലിക്കൻ വിഎച്ച്എസ്എസിൽ ആരംഭിച്ച മാതൃഭൂമി മധുരം മലയാളം പദ്ധതി. സ്കൂൾ മാനേജർ എൻ. മനോജ് പ്രഥമാധ്യാപകൻ ആർ. സുരേഷ്കുമാറിന് പത്രം കൈമാറി ഉദ്ഘാടനം ചെയ്യു. സ്കൂൾ മാനേജ്മെന്റ് ട്രസ്റ്റ് അംഗം എസ്. സന്തോഷ് കുമാർ. സ്കൂൾ സീഡ് ക്ലബ്ബ് കോഡിനേറ്റർ ടി. പ്രമോദ്കുമാർ. സ്റ്റാഫ് സെക്രട്ടറി വി. ശ്രീജ. അധ്യാപിക എൽ. സുധർമ തുടങ്ങിയവർ പങ്കെടുത്തു

20/06/2025 PATHANAMTHITTA Pg 02

# MONEY PLANT

SUNDAY മലയാള മനോരമ 23



കോന്നി ആർവിഎച്ച്എസ്എസിലെ ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ തയാറാക്കിയ മണി പ്ലാന്റ് എന്ന ഹ്രസ്വ ചിത്രം പ്രദർശനോദ്ഘാടനം എഴുത്തുകാരനും മാധ്യമ പ്രവർത്തകനുമായ അരുൺ എഴുത്തച്ചരൻ നിർവഹിക്കുന്നു.

## ഹ്രസ്വ ചിത്രം പ്രദർശനോദ്ഘാടനം

കോന്നി● ആർവിഎച്ച്എസ്എസിലെ ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ തയാറാക്കിയ മണി പ്ലാന്റ് എന്ന ഹ്രസ്വ ചിത്രം പ്രദർശനോദ്ഘാടനം എഴുത്തുകാരനും മാധ്യമ പ്രവർത്തകനുമായ അരുൺ എഴുത്തച്ചരൻ നിർവഹിച്ചു. പിടിഎ പ്രസിഡന്റ് മനോജ് പുളിവേലിൽ അധ്യക്ഷത വഹിച്ചു. സ്കൂൾ മാനേജർ എൻ.മനോജ്, പ്രഥമാധ്യാപകൻ ആർ.ശ്രീകുമാർ, എസ്.സന്തോഷ് കുമാർ, അധ്യാപകരായ ആർ.വിധു, അപ്സര പി.ഉല്ലാസ് തുടങ്ങിയവർ പ്രസംഗിച്ചു.

മലയാള മനോരമ 24



കോന്നി ആർവിഎച്ച്എസ്എസിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ ഒരുക്കിയ 'മണിപ്ലാന്റ്' എന്ന ഹ്രസ്വ ചിത്രത്തിൽ നിന്ന്.

## ഒരു കുഞ്ഞു കഥ, നന്മയുടെ വലിയ സന്ദേശം

▸▸ സ്കൂൾ കുട്ടികളും അധ്യാപകരും അനധ്യാപകരും ചേർന്ന് ഒരുക്കിയ ഹ്രസ്വചിത്രം

കോന്നി● ലോകത്ത് എന്തു നട്ടാലും കിളിർക്കുമെങ്കിൽ എന്തൊരു അദ്ഭുതമായി മാറിയേനെ.

കുഞ്ഞു മനസ്സിന്റെ കൗതുകം നിറഞ്ഞ ചിന്തകളും കുറെ ആശങ്കകളും. ഒടുവിൽ അവൾക്കു പരിഹാരവുമായി എത്തുന്ന ശ്രീജ ടീച്ചറും. പതിവ് ഹ്രസ്വ ചിത്രങ്ങളുടെ പ്രമേയങ്ങൾക്കു ബൈ പറഞ്ഞു വ്യത്യസ്ത അനുഭവമായി മാറുകയാണു കോന്നി റിപ്പബ്ലിക്കൻ വൊക്കേഷനൽ ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ ഒരുക്കിയ 'മണിപ്ലാന്റ്'.

സ്കൂളിലെ കുട്ടികളും അധ്യാപകരും അനധ്യാപകരുമാണു ക്യാമറയ്ക്കു മുന്നിലും പിന്നിലും പ്രവർത്തിച്ചിരിക്കുന്നത്. വിദ്യാർഥികളെ അധ്യാപകർ എങ്ങനെ സ്വാധീനിക്കുമെന്നു ഹൃദ്യമായി സംവദിക്കുകയാണ് ഈ ചിത്രം. 11 മിനിറ്റുള്ള ചിത്രം ഇതിനോടകം പുരസ്കാരങ്ങളും നേടിക്കഴിഞ്ഞു. കുട്ടികളിലുണ്ടാകേണ്ട മാനുഷിക മൂല്യങ്ങളുടെയും നന്മയുടെയും ഓർമപ്പെടുത്തൽ കൂടിയാണ് 'മണി പ്ലാന്റ്'. കുട്ടികളിലെ സിനിമ അഭിരുചി വളർത്തുന്നതിനൊപ്പം അതിന്റെ പിന്നണി പ്രവർത്തനങ്ങളിലെ അധ്വാനം തിരിച്ചറിയുന്നതിനും വേണ്ടിയാണ് ഇത്തരമൊരു ഹ്രസ്വചിത്രം ഒരുക്കിയതെന്ന് ചിത്രത്തിനു പിന്നിൽ പ്രവർത്തിച്ച അധ്യാപിക അപ്സര പി.ഉല്ലാസ് പറഞ്ഞു.

സംവിധാനം എസ്.ആരുഷും രചന ജെറീറ്റ രഞ്ജിയും നിർവഹിച്ചിരിക്കുന്നു. ക്യാമറ റോൺ ടി.പ്രകാശ്, എഡിറ്റിങ് ആൽഫിൻ ജോ മാത്യു.

ജ്യോതിസ് പി.ഉല്ലാസാണ് നിർമാണം. അധ്യാപികമാരായ അപ്സര പി.ഉല്ലാസ്, എസ്.ശ്രീജ, ആർ.വിധു എന്നിവരുടെ നേതൃത്വത്തിലാണ് ചിത്രം ഒരുക്കിയത്. എസ്.ശ്രീനിധ, അനിരുദ്ധ് ഉദയ്, ആർ.ഗിരീഷ് കുമാർ, മഞ്ജു പി.നായർ, ആർ.സുരേഷ്കുമാർ, കെ.ബി.ബിനു തുടങ്ങിയവരാണ് അഭിനേതാക്കൾ.

Mathrubhumi മാതൃഭൂമി

## പ്രേക്ഷകരിലേക്ക് പടർന്നുകയറി 'മണിപ്ലാന്റ്'

### കുട്ടികളും അധ്യാപകരും ചേർന്നൊരുക്കിയ ഹ്രസ്വചിത്രം ശ്രദ്ധേയമാകുന്നു

സൺഡേ +

കോന്നി▸ മണ്ണിൽ വേരുറപ്പിച്ചുയർന്ന ചെടിപോലെ പ്രേക്ഷകഹൃദയങ്ങളിൽ പച്ചപിടിച്ചു പടർന്നു കയറുകയാണ് 'മണിപ്ലാന്റ്.' കോന്നി റിപ്പബ്ലിക്കൻ വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിലെ കുട്ടികളും അധ്യാപകരും ചേർന്ന് നിർമിച്ച ഹ്രസ്വചിത്രമാണ് മണിപ്ലാന്റ്. 11 മിനിറ്റ് നീളുന്ന ചിത്രം നൽകുന്നത് കാഴ്ചാനുഭവം മാത്രമല്ല, നന്മയുടെ സന്ദേശവുമാണ്. കുട്ടികളുടെ അഭിനയ മികവ് കൂടി തെളിയിക്കുന്ന ഹ്രസ്വചിത്രം യൂ ട്യൂബിലാണ് റിലീസായത്.

അഭിനയിച്ചവരും അണിയറ പ്രവർത്തകരും ഒരുപോലെ മികവുപുലർത്തിയ ചിത്രം.

ലോകത്തിലെ ഏറ്റവും വലിയ അത്ഭുതം എന്താണെന്നറിയാമോ എന്ന ചോദ്യത്തിന് ഉത്തരമായി അധ്യാപിക ശ്രീജ, അമ്മു എന്ന വിദ്യാർഥിനിയോട് പറയുന്ന വാചകമാണ് 'മണിപ്ലാന്റി'ന്റെ ഇതിവൃത്തം. റിപ്പബ്ലിക്കൻ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബാണ് ചിത്രം ഒരുക്കിയത്. അച്ഛൻ ചെടി നട്ടുനനച്ച്



'മണിപ്ലാന്റി'ന്റെ പോസ്റ്റർ



'മണിപ്ലാന്റ്' ചിത്രീകരണം

പരിപാലിക്കുന്നതുകണ്ട് ചെടിച്ചട്ടിയിൽ നാണയം കുഴിച്ചിട്ട് നാണയമരം വളരുന്നതും കാത്തിരിക്കുന്ന അമ്മുവും അവളുടെ ജീവിതത്തിലേക്ക് എത്തുന്ന അധ്യാപിക ശ്രീജയും തമ്മിലുള്ള അടുപ്പത്തിന്റെ കഥകൂടിയാണ് 'മണിപ്ലാന്റ്.'

വിവിധ ക്ലാസുകളിലൂടെയും പരിശീലനത്തിലൂടെയും കുട്ടികളിൽനിന്ന് കഥയെയും കഥാപാത്രത്തെയും കണ്ടെത്തിയ അധ്യാപിക അപ്സര പി.ഉല്ലാസാണ് ഹ്രസ്വചിത്രത്തിന്റെ അണിയറ പ്രവർത്തകരിൽ മുഖ്യ പങ്കാളി.

ഇവരോടൊപ്പം അധ്യാപികമാരായ എസ്.ശ്രീജ, ആർ.വിധു എന്നിവരും ഉണ്ടായിരുന്നു. ശ്രീനിദ എസ്., അനിരുധ് ഉദയ്, ആർ.ഗിരീഷ്കുമാർ, മഞ്ജു പി. നായർ, ആർ.സുരേഷ് കുമാർ, കെ.ബി.ബിനു എന്നിവരാണ് പ്രധാനവേഷങ്ങളിൽ എത്തിയത്.

എസ്.ആരുഷ് ആണ് സംവിധായകൻ. ജെറീറ്റ രഞ്ജിയാണ് കഥാകൃത്ത്. നിർമാണം: ജ്യോതിസ് പി.ഉല്ലാസ്. ഛായാഗ്രാഹകൻ: റോൺ ടി.പ്രകാശ്, എഡിറ്റിങ്: ആൽഫിൻ ജോ മാത്യു. ലിറ്റിൽ കൈറ്റ്സ് ആർ.വി.എച്ച്.എസ്.എസ്. കോന്നി എന്ന ചാനലിലാണ് ചിത്രം റിലീസ് ചെയ്തത്.

23/02/2025 PATHANAMTHITTA Pg 02

Mathrubhumi മാതൃഭൂമി

## 'മണിപ്ലാന്റ്' പ്രദർശനത്തിന്



കോന്നി റിപ്പബ്ലിക്കൻ സ്കൂളിലെ കുട്ടികൾ നിർമിച്ച ഹ്രസ്വചിത്രം ലോഞ്ചിങ്

കോന്നി▸ റിപ്പബ്ലിക്കൻ വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂൾ ലിറ്റിൽ കൈറ്റ്സ് ഒരുക്കിയ ഹ്രസ്വചിത്രം 'മണിപ്ലാന്റ്' പ്രദർശനത്തിനായി. ടൈറ്റിൽ ലോഞ്ച് ഫോക്ക്‌ലോർ അക്കാദമി അംഗം സുരേഷ് സോമ നിർവഹിച്ചു. അധ്യാപകരും കുട്ടികളും ചേർന്നാണ് ചിത്രം നിർമിച്ചത്. ആരുഷ് എസ്. സംവിധാനം നിർവഹിച്ചു. കോന്നി പഞ്ചായത്ത് പ്രസിഡന്റ് ആനി സാബു തോമസ്, മനോജ് പുളിവേലി, ആർ.ദേവകുമാർ, ജോളി ഡാനിയേൽ, സിന്ധു സന്തോഷ്, എം.മനോജ് എന്നിവർ പ്രസംഗിച്ചു.

30/01/2025 PATHANAMTHITTA Pg 02

ISSUE-784:FEBRUVARY-21-02-2025

# നന്മയുടെ കഥ പറഞ്ഞ്
# 'മണി പ്ലാന്റ്'
## ശ്രദ്ധ നേടി ഹ്രസ്വ ചിത്രം















പണത്തേക്കാൾ മൂല്യമുള്ള സ്നേഹം. ആ നന്മയുടെ തിരിച്ചറിവ് അമ്മുവിന് പകരുന്നത് അവളുടെ ശ്രീജ ടീച്ചറാണ്. ലോകത്തിലെ യഥാർത്ഥ അത്ഭുതം ടീച്ചറുമാരാണെന്ന് കാട്ടിത്തരുകയാണ് 'മണി പ്ലാന്റ്' എന്ന ഹ്രസ്വചിത്രം. കോന്നി റിപ്പബ്ലിക്കൻ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ ലിറ്റിസ് കൈറ്റ്സ് ഒരുക്കിയ 'മണി പ്ലാന്റ്' നവമാധ്യമങ്ങളിൽ ശ്രദ്ധ നേടി കഴിഞ്ഞു.

സ്കൂളിലെ വിദ്യാർത്ഥികളുടെ നേതൃത്വത്തിലാണ് ചിത്രം ഒരുക്കിയിരിക്കുന്നത്. കുട്ടികൾക്കൊപ്പം അധ്യാപകരും അനധ്യാപകരും വിവിധ വേഷങ്ങളിലെത്തുന്നു. വിദ്യാർത്ഥികൾക്കായി ചലച്ചിത്ര പരിശീലന ക്ലാസുകളും ശിൽപ്പശാലകളും സംഘടിപ്പിച്ചാണ് 'മണി പ്ലാന്റി' ന്റെ രചനയും അഭിനേതാക്കളെ തിരഞ്ഞെടുക്കലും പൂർത്തിയാക്കിയത്.

കുട്ടികൾ സിനിമ ആസ്വദിക്കുന്നതിനൊപ്പം അതിന്റെ സാധ്യതകളെയും തിരിച്ചറിയാനാണ് ഇത്തരമൊരു ചിത്രം ഒരുക്കിയതെന്ന് 'മണി പ്ലാന്റിന്' നേതൃത്വം നൽകിയ അധ്യാപിക അപ്സര പി. ഉല്ലാസ് പറഞ്ഞു. ചിത്രം ഇതിനോടകം നിരവധി പുരസ്കാരങ്ങളും നേടിക്കഴിഞ്ഞു. സാമൂഹിക മാധ്യമങ്ങളിലും മികച്ച പ്രതികരണമാണ് ചിത്രത്തിനുള്ളത്.ആരുഷ് എസ് ആണ് ചിത്രത്തിന്റെ സംവിധാനം. ജെറീറ്റ രഞ്ജിയാണ് രചന നിർവഹിച്ചിരിക്കുന്നത്. ക്യാമറ റോൺ ടി. പ്രകാശ്, എഡിറ്റിംഗ് ആൽഫിൻ ജോ മാത്യു, നിർമാണം ജ്യോതിസ് പി. ഉല്ലാസ്. | അധ്യാപികമാരായ അപ്സര പി. ഉല്ലാസ്, വിധു ആർ, ശ്രീജ എസ്. എന്നിവരാണ് കുട്ടികൾക്ക് പരിശീലനവും നിർദ്ദേശങ്ങളും നൽകിയത്.

സ്കൂളിലെ വിദ്യാർത്ഥികളുടെ നേതൃത്വത്തിലാണ് ചിത്രം ഒരുക്കിയിരിക്കുന്നത്. കുട്ടികൾക്കൊപ്പം അധ്യാപകരും അനധ്യാപകരും വിവിധ വേഷങ്ങളിലെത്തുന്നു. വിദ്യാർത്ഥികൾക്കായി ചലച്ചിത്ര പരിശീലന ക്ലാസുകളും ശിൽപശാലകളും സംഘടിപ്പിച്ചാണ്'മണി പ്ലാന്റി' ന്റെ രചനയും അഭിനേതാക്കളെ തിരഞ്ഞെടുക്കലും പൂർത്തിയാക്കിയത്.

# മലയാള മനോരമ



മനോരമ ന്യൂസ് ഫെസ്റ്റ് ലേണിങ് പസിൽ മത്സരത്തിൽ സൈക്കിൾ സമ്മാനം നേടിയ കോന്നി റിപ്പബ്ലിക്കൻ വൊക്കേഷനൽ ഹയർസെക്കൻഡറി സ്കൂളിലെ 9-ാം ക്ലാസ് വിദ്യാർഥി അശ്വിൻ അജയന് സ്കൂൾ മാനേജർ എൻ.മനോജ്, പ്രഥമാധ്യാപകൻ ആർ.ശ്രീകുമാർ എന്നിവർ ചേർന്ന് സമ്മാനം കൈമാറുന്നു. സ്റ്റാഫ് സെക്രട്ടറി എം.വി.സുപ്രിയ, അശ്വിന്റെ അമ്മ മായ അജയൻ, അധ്യാപക കോഓർഡിനേറ്റർ പ്രമോദ് കുമാർ, മലയാള മനോരമ സർക്കുലേഷൻ എക്സിക്യൂട്ടീവ് റോജിമോൻ തോമസ് എന്നിവർ സമീപം.

മനോരമ ന്യൂസ് ഫെസ്റ്റ് ലേണിങ് പസിൽ 2

## അശ്വമേധം ഭേദിച്ച് അശ്വിൻ

Manorama NEWSFEST LEARNING PUZZLE SERIES 2

കോന്നി • മനോരമ ന്യൂസ് ഫെസ്റ്റ് ലേണിങ് പസിൽ 2ൽ സമ്മാനമായി സൈക്കിൾ ലഭിച്ചത് അപ്രതീക്ഷിതമെങ്കിലും അശ്വിന് ഇത് സ്വപ്ന നേട്ടം. കോന്നി റിപ്പബ്ലിക്കൻ വൊക്കേഷനൽ ഹയർസെക്കൻഡറി സ്കൂളിലെ 9-ാം ക്ലാസ് വിദ്യാർഥി അശ്വിൻ അജയനാണ് സമ്മാനാർഹനായത്. ചിത്രരചനയിൽ തന്റെ കഴിവ് തെളിയിച്ചിട്ടുള്ള അശ്വിൻ നല്ലൊരു കലാകാരൻ കൂടിയാണ്. കലാപരമായ കഴിവുകൾക്കൊപ്പം പാഠ്യവിഷയത്തിലും പൊതുവിജ്ഞാനത്തിലുമുള്ള അശ്വിന്റെ അറിവിനു ലഭിച്ച അംഗീകാരമാണ് സൈക്കിൾ നേട്ടം. തന്റെ പഴയ സൈക്കിൾ വെള്ളപ്പൊക്കത്തിൽ നാശമായതോടെ അറ്റകുറ്റപ്പണികൾ നടത്താനോ പുതിയതൊന്നു വാങ്ങാനോ കഴിഞ്ഞിരുന്നില്ല. പുതിയ സൈക്കിൾ എന്ന ആഗ്രഹമാണ് മനോരമ ന്യൂസ് ഫെസ്റ്റിലൂടെ സഫലമായത്. മനോരമ ന്യൂസ് ഫെസ്റ്റ് ലേണിങ് പസിൽ മത്സരത്തിൽ സ്കൂളിനു വേണ്ടി പങ്കെടുത്താണ് അശ്വിൻ വ്യക്തിഗത സമ്മാനം നേടിയത്. സ്കൂളിൽ നടന്ന ചടങ്ങിൽ സ്കൂൾ മാനേജർ എൻ.മനോജ്, പ്രഥമാധ്യാപകൻ ആർ.ശ്രീകുമാർ എന്നിവർ ചേർന്ന് സൈക്കിൾ സമ്മാനിച്ചു. അധ്യാപക കോഓർഡിനേറ്റർ പ്രമോദ് കുമാർ, സ്റ്റാഫ് സെക്രട്ടറി എം.വി.സുപ്രിയ, മലയാള മനോരമ സർക്കുലേഷൻ എക്സിക്യൂട്ടീവ് റോജിമോൻ തോമസ് എന്നിവർ പ്രസംഗിച്ചു. വിദ്യാർഥികൾക്കിടയിൽ വായനയും പൊതുവിജ്ഞാനവും വർധിപ്പിക്കാനും സമ്മാനം നേടിക്കൊടുക്കാനുമായി ആരംഭിച്ച ലേണിങ് പസിൽ തുടരുകയാണ്. ഇനിയും പങ്കെടുക്കാത്തവർക്ക് റജിസ്റ്റർ ചെയ്യാം. സ്കൂളുകൾക്കൊപ്പം വ്യക്തികൾക്കും സർപ്രൈസ് സമ്മാനങ്ങൾ ലഭിക്കും. ഫോൺ: 9495173551

## ശ്രീവത്സന്റെ ഹാട്രിക് വിജയം കലാകുടുംബത്തിന്റെ നേട്ടം

തിരുമൂലപുരം: ഹൈസ്കൂൾ വിഭാഗം തബലയിൽ കോന്നി റിപ്പബ്ലിക്കൻ എച്ച് എസ് എസിലെ ശ്രീവത്സന്റെ വിജയം കലാകുടുംബത്തിന്റെ നേട്ടമായി. ഇത്തവണത്തെ വിജയത്തോടെ ഹാട്രിക് നേട്ടമാണ് തബല മത്സരത്തിൽ കൈവരിച്ചത്. പന്തളം ബാബുവിന്റെ കീഴിൽ പത്ത് വർഷമായി ശ്രീവത്സൻ തബല അഭ്യസിക്കുന്നു. പ്രൊഫഷണൽ ടച്ചോടെയുള്ള ശ്രീവത്സന്റെ വായന സദസിനും ഏറെ പ്രിയങ്കരമായി. കോന്നിയിൽ സ്വരാലയ സംഗീത സ്കൂൾ നടത്തുന്ന കോന്നി കല്ലുവിളയിൽ ശ്രീകുമാറിന്റെയും സംഗീതാധ്യാപിക ഉഷാദേവിയുടെയും മകനാണ് ശ്രീവത്സൻ. സഹോദരൻ ശ്രീദേവും മികച്ച കലാകാരനാണ്.



ശ്രീവത്സൻ തബല വായിക്കുന്നു

കേരള കൗമുദി
SINCE 1911
Epaper
30 Nov 2024



സ്റ്റേജിൽ തെന്നിവീണ് മത്സരം മുടങ്ങിയ ദേവമാനസിയെ ആശ്വസിപ്പിക്കുന്ന പിതാവ്



നാടോടി നൃത്തത്തിൽ ഒന്നാം സ്ഥാനം ലഭിച്ച ദേവമാനസി (റിപ്പബ്ലിക്കൻ ഹയർ സെക്കൻഡറി സ്കൂൾ കോന്നി)

## തെന്നിവീണെങ്കിലും താരമായി ദേവമാനസി

തിരുവല്ല: കുച്ചിപ്പുടി വേദിയിൽ മത്സരാർത്ഥി കാർപ്പെറ്റിൽ തെന്നിവീണു. കാലിന് പരിക്കേറ്റ കുട്ടിക്ക് തുടർന്ന് മത്സരത്തിൽ പങ്കെടുക്കാനായില്ല.

കോന്നി റിപ്പബ്ലിക്കൻ ഹയർസെക്കൻഡറി സ്കൂളിലെ ദേവമാനസിക്കാണ് പരിക്കേറ്റത്. ഹൈസ്കൂൾ വിഭാഗം കുച്ചിപ്പുടിയിലെ ആദ്യ മത്സരാർത്ഥിയായിരുന്നു ദേവമാനസി. പലതവണ കാർപെറ്റിൽ കാൽ തട്ടുകയും തെന്നുകയും ചെയ്തിട്ടും നൃത്തം തുടർന്ന ദേവമാനസി ഇടയ്ക്ക് താഴെ വീഴുകയായിരുന്നു. മറ്റുള്ളവർ മത്സരിക്കുന്നുണ്ടെങ്കിൽ കാർപ്പെറ്റ് മാറ്റിയേപറ്റുവെന്ന് വേദിയിൽ നിന്നുതന്നെ ദേവമാനസി വിളിച്ചുപറഞ്ഞതോടെ മത്സരം നിറുത്തിവച്ചു. ഒരുമണിക്കൂറോളം നടക്കാൻ കഴിയാതെ നിന്ന കുട്ടിക്ക് സംഘാടകർ മെഡിക്കൽ സഹായം നൽകിയില്ല. ഇടത്തെക്കാലിലെ തള്ളവിരലിന് പരിക്കേറ്റ കുട്ടിയെ രക്ഷിതാക്കളാണ് സമീപത്തെ ആശുപത്രിയിലെത്തിച്ചത്. പിന്നീട് കാർപ്പെറ്റ് മാറ്റിയ ശേഷമാണ് മറ്റ് കുട്ടികൾ മത്സരിച്ചത്. അപ്പീൽ നൽകാനുള്ള തീരുമാനത്തിലാണ് രക്ഷിതാക്കൾ. കഴിഞ്ഞ ദിവസം നടന്ന നാടോടിനൃത്ത മത്സരത്തിൽ ദേവമാനസിക്ക് ഫസ്റ്റ് എ ഗ്രേഡ് ലഭിച്ചിരുന്നു.

KERALA KAUMUDI EPAPER
Clipping Kerala Kaumudi - Epaper


റിപ്പബ്ലിക്കൻ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ
കോന്നി
സ്ഥാപിതം : 1923
ചാരുവായെത്തി
അനഘ മികച്ച നടി
ഹൈസ്കൂൾ വിഭാഗം നാടകവേദിയിൽ മികച്ച നടിയായി അനഘ മനോജ്. കോന്നി റിപ്പബ്ലിക്കൻ വിഎച്ച്എസ്എസിലെ ഒമ്പതാം ക്ലാസ് വിദ്യാർഥിനിയാണ്. സ്ത്രീകളും കുട്ടികളും നേരിടുന്ന ലൈംഗികാതിക്രമം പ്രമേയമായ 'ഇരകൾ' എന്ന നാടകത്തിലെ കേന്ദ്ര കഥാപാത്രമായ ചാരുവായായിരുന്നു അഭിനയം. സ്കൂൾ കലോത്സവത്തിൽ ആദ്യമായാണ് അഭിനയത്തിൽ അനഘ മാറ്റുരയ്ക്കുന്നത്. ആദ്യതവണ തന്നെ മികച്ച നടി പട്ടവും കരസ്ഥമാക്കി. വട്ടപ്പാട്ട്, കഥാപ്രസംഗത്തിലും പങ്കെടുക്കും. കൊടുമൺ ഗോപാലകൃഷ്ണന്റെ പരിശീലനത്തിലാണ് അനഘയും സംഘവും മത്സരത്തിനെത്തിയത്. വകയാർ ഭാനുവിലാസം എം കെ മനോജ് കുമാറിന്റെയും എസ് ശ്രീജയുടെയും മകളാണ്.
അനഘ മനോജ്
കലോത്സവം
© p.r.a.m.o.d


നാടോടി നൃത്തത്തിൽ ഒന്നാം സ്ഥാനം ലഭിച്ച ദേവമാനസി (റിപ്പബ്ലിക്കൻ ഹയർ സെക്കൻഡറി സ്കൂൾ കോന്നി)


റിപ്പബ്ലിക്കൻ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ
കോന്നി
പത്തനംതിട്ട റവന്യൂജില്ല സ്കൂൾ
കലോത്സവം 2024
© p.r.a.m.o.d


റിപ്പബ്ലിക്കൻ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ
കോന്നി
സ്ഥാപിതം : 1923
SANSKRIT
സംസ്കൃത വാരാചരണം
2024 August 22
© p.r.a.m.o.d




# 2024 - 25

# കൈറ്റ്സ് പ്രവർത്തനങ്ങൾ


ലിറ്റിൽ കൈറ്റ്സ്
പൊതിച്ചോറ് വിതരണം
LITTLE KITES





## RVHSS KONNI

PATHANAMTHITTA DISTRICT

**IT FAIR**

**HS**

**MALAYALAM TYPING**

**THIRD A GRADE**



**ABIYA MARIYAM NELSON**

9B

**CONGRATULATIONS**

## RVHSS KONNI

PATHANAMTHITTA DISTRICT

**IT FAIR**

**HS**

**DIGITAL PAINTING**

**FIRST A GRADE**



DIVIJA JAYAKUMAR

9B

**CONGRATULATIONS**

*Congratulations*

## RVHSS KONNI

PATHANAMTHITTA DISTRICT

**SCIENCE FAIR**

**HS**

**ROBOTICS**

**THIRD A GRADE**



**AARUSH S**

10C

**CONGRATULATIONS**

## RVHSS KONNI

PATHANAMTHITTA DISTRICT

**SCIENCE FAIR**

**HS**

**WORKING MODEL**

**THIRD A GRADE**



**HEPHZIBHA SINI BIJU** **MUHAMMED AFLAH S**

**CONGRATULATIONS**

കേരള കൗമുദി
SINCE 1911
Pathanamthitta 06 Jan 2026

# കലണ്ടർ പ്രകാശനം ചെയ്തു


കോന്നി: റിപ്പബ്ലിക്കൻ വി.എച്ച്.എസ്. എസ് ലിറ്റിൽ കൈറ്റ്സ് തയാറാക്കിയ കലണ്ടർ സംവിധായകൻ സിബി മലയിൽ പ്രകാശനം ചെയ്തു. സന്തോഷ്കുമാർ എസ്, അപ്സര പി. ഉല്ലാസ്, ശ്രീജ എസ്, സിദ്ധാർത്ഥ് സിജു, ആരുഷ് എസ്, ഷാരോൺ ബിജു എന്നിവർ പ്രസംഗിച്ചു.



കോന്നി റിപ്പബ്ലിക്കൻ വി.എച്ച്.എസ്. എസ് ലിറ്റിൽ കൈറ്റ്സ് തയാറാക്കിയ കലണ്ടർ സംവിധായകൻ സിബി മലയിൽ പ്രകാശനം ചെയ്യുന്നു

KERALA KAUMUDI EPAPER
Clipping Kerala Kaumudi - Pathanamthitta













ESTABLISHED 1888
ലയാള മനോരമ



ക്ലിക്ക് ലിറ്റിൽ കൈറ്റ്സ് ക്ലബ് മാഗസിൻ

വിജയകരമായി രൂപപ്പെടാൻ

സഹായിച്ച എല്ലാ വിദ്യാർത്ഥികൾക്കും ഹൃദയം

നിറഞ്ഞ നന്ദി.

നിങ്ങളുടെ ചിത്രങ്ങളും എഴുത്തുകളും ആശയങ്ങളും

ഈ മാഗസിനെ

ജീവൻ ഉള്ളതാക്കി മാറ്റി. സ്വന്തം ചിന്തകൾ

ധൈര്യത്തോടെ പങ്കുവെച്ച

ഓരോ കുട്ടിയും ക്ലിക്ക് എന്ന ഈ സൃഷ്ടിയുടെ

യഥാർത്ഥ ശക്തിയാണ്.

ഈ മാഗസിൻ സ്നേഹത്തോടെ വായിച്ച എല്ലാ

വായനക്കാർക്കും

നിങ്ങളുടെ പിന്തുണയും പ്രോത്സാഹനവും

ഞങ്ങളെ കൂടുതൽ

മികച്ച സൃഷ്ടികൾക്ക് പ്രേരിപ്പിക്കുന്നു. കുട്ടികളുടെ

കഴിവുകളെ വിശ്വസിച്ച

അധ്യാപകരോടും മാതാപിതാക്കളോടും ലിറ്റിൽ

കൈറ്റ്സ് ക്ലബിനും

ഈ അവസരത്തിൽ നന്ദി അറിയിക്കുന്നു.

എല്ലാവരുടെയും

സഹകരണത്തോടെ ക്ലിക്ക് പഠനത്തിന്റെയും സൃഷ്ടിപരതയുടെയും

മനോഹരമായൊരു ഓർമ്മയായി മാറിയിരിക്കുന്നു.


thank you